November 2016
Vol. 13 - Issue 11
Published on
1st Nov. 2016

**Sahyanadham**
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.

MERCIFUL LIKE THE FATHER

The Ending of Year of Mercy
2016 November 20

Printed at St. Martha's Offset Printers, Murickassery, Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal, Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 13
നവംബർ 2016
ലക്കം 11



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ


Volume : 13
Issue No. : 11
Month : November 2016





*Patron*
**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*
**Rev. Dr. Joseph Kochukunnel**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


കാരുണ്യവർഷ രൂപതാതല സമാപനം 05
കാരുണ്യത്തിന്റെ അസാധാരണ ജൂബിലിവർഷ സമാപനം 07
കാരുണ്യവർഷാചരണം
കെ.സി.ബി.സി. സർക്കുലർ 11
സർക്കുലർ 16
രൂപതക്കച്ചേരി 20
ക്രിസ്തുജ്യോതി 22
വിദ്യാഭ്യാസം 31
സാമൂഹ്യസേവനം 32
ചെറുപുഷ്പ മിഷൻലീഗ് 35
കെ.സി.വൈ.എം. 37
മദ്യവിരുദ്ധസമിതി 38
കത്തോലിക്കാ കോൺഗ്രസ് 41
കേരള ലേബർ മൂവ്മെന്റ് 44
രൂപതാദ്ധ്യക്ഷന്റെ ഡയറി 46
രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 47


**"We are living the Gospel when we help the smallest and most vulnerable."**

*Pope Francis, Tweet, Oct. 13, 2016*

## ഓർമ്മിക്കാൻ

### നവംബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

05 : വി. സഖറിയായും വി. ഏലിശ്വായും
: എ.കെ.സി.സി. കാരുണ്യവർഷ കൺവെൻഷൻ സമാപനം, ഇരട്ടയാർ

12 : സി.എം.എൽ. സംസ്ഥാന ബൈബിൾ കലോത്സവം
: ക്രിസ്തുജ്യോതി, 'നേതൃജ്യോതി' ആനിമേറ്റേഴ്സ് മീറ്റ്
: കെ.എൽ.എം. വിധവാഫോറം സംഗമം, തോപ്രാംകുടി
: കെ.എൽ.എം. ഫാം ഫ്രണ്ട്സ് നേതൃയോഗം, തോപ്രാംകുടി
: കെ.എൽ.എം. രൂപതാ കമ്മറ്റി, തോപ്രാംകുടി

12-20 : കെ.സി.വൈ.എം. തിരുശേഷിപ്പ് പ്രയാണം

13 : സമ്പർക്ക മാധ്യമദിനം

20 : മിശിഹായുടെ രാജത്വത്തിരുനാൾ
: കാരുണ്യവർഷ സമാപനം, രാജാക്കാട്
: ലോഗോസ് ക്വിസ് സംസ്ഥാന പരീക്ഷ

27 : മംഗലവാർത്തക്കാലം ആരംഭം

30 : വി. അന്ത്രയോസ് ശ്ലീഹ



C. 25. **സർക്കുലർ**

# കാരുണ്യവർഷ
# രൂപതാതല സമാപനം

ഫ്രാൻസിസ് മാർപാപ്പ, "കരുണയുടെ മുഖം" (*Misericordiae Vultus*) എന്ന ശ്ലൈഹിക രേഖയിലൂടെ പ്രഖ്യാപിച്ച കരുണയുടെ അസാധാരണ ജൂബിലി വത്സരം (Extra Ordinary Jubilee Year of Divine Mercy) 2016 നവംബർ 20 ന് ക്രിസ്തുരാജന്റെ തിരുനാൾ ദിനത്തിൽ സമാപിക്കുകയാണല്ലോ. കരുണയുടെ വർഷാരംഭത്തിൽ ഇടുക്കിരൂപതയിലെ വിവിധ ഭക്തസംഘടനകൾ, ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി, വിവിധ സന്യാസസമൂഹങ്ങളുടെ പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ കാരുണ്യവർഷ കർമ്മപദ്ധതി രൂപീകരിക്കുകയുണ്ടായി. തുടർന്ന് ഇടവകകളിൽ ബഹു. വികാരിയച്ചൻമാരുടെ നേതൃത്വത്തിലും രൂപതാ-ഫൊറോന-ഇടവകാതലങ്ങളിൽ വിവിധ ഭക്തസംഘടനകളുടെ കൂട്ടായ്മയിലും പൂർത്തീകരിച്ച കാരുണ്യപ്രവൃത്തികൾ ശ്ലാഘനീയമാണ്. കാരുണ്യവർഷത്തിന്റെ ആരംഭത്തിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളും ഓരോ കാരുണ്യഭവനങ്ങളെങ്കിലും ഏറ്റവും അർഹതപ്പെട്ടവർക്ക് നിർമ്മിച്ചു നൽകണമെന്ന് അറിയിച്ചിരുന്നല്ലോ. ഇത് ഇനിയും പൂർത്തിയാക്കിയിട്ടില്ലാത്തവർ എത്രയും വേഗം പൂർത്തിയാക്കി അക്കാര്യം രൂപതാ കേന്ദ്രത്തിൽ അറിയിക്കണം. ഇടവകയിലെ പാവപ്പെട്ടവർക്കായി 7 വീടുകൾ പൂർണ്ണമായും, 12 വീടുകൾ ഭാഗികസഹായം നൽകിയും പൂർത്തിയാക്കിയ കത്തീഡ്രൽ ഇടവക ഈ കാര്യത്തിൽ മാതൃകയാണ്. വിവിധ രോഗങ്ങളാലും, അപകടം വാർദ്ധക്യം എന്നിവയാലും, ശയ്യാവലംബികളായവരെ ശുശ്രൂഷിക്കുന്നതിനായി കാരുണ്യവർഷത്തിൽ രൂപതയിലെ സോഷ്യൽ സർവ്വീസ് വിഭാഗം മുൻകൈയെടുത്ത് പ്രവർത്തനമാരംഭിച്ച "ഗുഡ് സമരിറ്റൻ പെയിൻ & പാലിയറ്റീവ് കെയർ" പദ്ധതിയും പ്രത്യേകം അഭിനന്ദനമർഹിക്കുന്നു.



കാരുണ്യവർഷത്തിന്റെ രൂപതാതല സമാപനം രൂപതാ ഉപദേശക സമിതിയിലും, വിവിധ ഭക്തസംഘടനാ പ്രതിനിധികളുടെ യോഗത്തിലും ചർച്ച ചെയ്തതനുസരിച്ച് നവംബർ 20-ാം തീയതി രാജാക്കാട് ക്രിസ്തുരാജാ ഫൊറോനാപള്ളിയിലെ ഇടവകത്തിരുനാളിനോടനുബന്ധിച്ച് നടത്താമെന്ന് തീരുമാനിക്കുകയുണ്ടായി. അന്നേദിവസം ഉച്ചകഴിഞ്ഞ് രൂപതയിലെ എല്ലാ വൈദികരുംചേർന്ന് അർപ്പിക്കുന്ന സമൂഹബലിയും, തുടർന്ന് കാരുണ്യവർഷത്തിന് സമാപനം കുറിച്ചുകൊണ്ടുള്ള റാലിയും പൊതുസമ്മേളനവും ഉണ്ടായിരിക്കും. കാരുണ്യവർഷ സമാപന പരിപാടികളിൽ രാജാക്കാട്, കൂമ്പൻപാറ, വെള്ളത്തൂവൽ ഫൊറോനകളിലെ ഇടവകകളിൽനിന്നും പരമാവധി ആളുകളെയും, മറ്റെല്ലാ ഇടവകകളിൽനിന്നും പത്തുപേരിൽ കുറയാത്ത പ്രധിനിധികളെയും പങ്കെടുപ്പിക്കണം. 2 മണിക്കാരംഭിക്കുന്ന പൊന്തിഫിക്കൽ കുർബാനയിലും തുടർന്നുള്ള റാലിയിലും എല്ലാ വൈദികരുടെയും സാന്നിദ്ധ്യം ഉണ്ടാകേണ്ടതാണ്. കാരുണ്യവർഷത്തിൽ ഇടവകകളിൽ ആരംഭം കുറിച്ച പദ്ധതികൾ നന്നായി മുന്നോട്ടു കൊണ്ടുപോകാനും, ദൈവത്തിന്റെ കാരുണ്യത്തിൽ ശരണപ്പെട്ട് അവിടുത്തെ കൃപ നിരന്തരം സമൃദ്ധമായി ലഭിക്കുവാനും നിങ്ങളേവർക്കും ഇടയാകട്ടെ. കരുണാസമ്പന്നനായ ദൈവം നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്, പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റേയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എന്ന്,

✠ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി രൂപതാ മെത്രാൻ

N.B. ഈ സർക്കുലർ നവംബർ മാസം 6-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചു വിശദീകരിക്കണം.

C. 26. **സർക്കുലർ**

# കാരുണ്യവർഷസമാപനം കേരള കത്തോലിക്കാസഭയിൽ

**കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ**

വന്ദ്യ വൈദികരേ, പ്രിയ സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

'കരുണയുടെ മുഖം' എന്ന ഫ്രാൻസിസ് പാപ്പായുടെ പ്രബോധനം കരുണയുടെ അസാധാരണ ജൂബിലിവർഷമാചരിക്കാൻ നമ്മെ പ്രചോദിപ്പിച്ചു. ആധുനികസമൂഹം പുറമ്പോക്കുകളിലേക്കു വലിച്ചെറിഞ്ഞവരെ ഹൃദയപൂർവം പരിഗണിക്കാൻ നാം ശ്രമിക്കുകയായിരുന്നു. കുറെയെങ്കിലും ആ വഴിയേ ചരിക്കാൻ നമുക്കു കഴിഞ്ഞു. ദൈവത്തിന്റെ സ്വഭാവം ദൈവമക്കളുടെ സ്വഭാവമായി പരിണമിക്കുവാനും വിശ്വാസം പ്രവൃത്തികളിലൂടെ സജീവമാക്കുവാനും (യാക്കോ. 2:15) നാം കരുതലോടെ ശ്രദ്ധിച്ചു.

കാരുണ്യം ദൈവത്തിന്റെ നാമവും മുഖവും സ്വഭാവവുമാണെന്നു ഗ്രഹിച്ച് നാം അതു സാക്ഷ്യപ്പെടുത്തി. കരുണയുടെ മുഖമായ യേശുക്രിസ്തുവിനെ ജീവിതംകൊണ്ട് ഉച്ചൈസ്തരം പ്രഘോഷിക്കാൻ നമുക്കായി. കാരുണ്യജൂബിലിവർഷത്തിന്റെ ആചരണത്തിലൂടെ ക്രിസ്തുകരുണയുടെ തുടർച്ചയായ തിരുസ്സഭയുടെ മുഖശ്രീ വർധമാനമാക്കുന്നതിൽ കേരള കത്തോലിക്കാസഭ വിജയിച്ചു എന്നു വേണം വിലയിരുത്താൻ. സഭയും സഭയുടെ മണവാളനായ യേശുമിശിഹായും ഇത്ര സമാകർഷകമായി പൊതുജനമധ്യത്തിൽ അവതരിപ്പിക്കപ്പെട്ട ചരിത്രമുഹൂർത്തങ്ങൾ അപൂർവമായതിനാൽ കരുണയുടെ ജൂബിലിവർഷാചരണം അനുപമമായിരുന്നു എന്നു പറയാതെ വയ്യാ. കാരുണ്യമെന്നത് കേവലം ഒരു നാമമല്ലെന്നും പ്രത്യുത, ക്രിയയാണെന്നും മനോഭാവമാണെന്നുമുള്ള അവബോധം വിശ്വാസികളിൽ ആഴമായി പതിയാൻ ഇടയായതിനെ ഓർത്ത് നമുക്ക് ദൈവത്തിനു നന്ദിപറയാം.



ദൈവത്തിന് ഒരു പുതിയ പേരു കണ്ടെത്തിയ തിരുസ്സഭാതലവനായ പരിശുദ്ധ ഫ്രാൻസിസ് പാപ്പാ, തന്റെ ജീവിതത്തിൽ അനുവർത്തിച്ചുവന്ന ശൈലി സഭയ്ക്കു നല്കിയതുവഴി സഭയിൽ ആകമാനം മാറ്റവും നവീകരണവും പുതുജീവനും ഉണ്ടായി എന്നതു സന്തോഷത്തോടെ അനുസ്മരിക്കട്ടെ. കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കും വിശ്വാസപ്രതിസന്ധിക്കുമെതിരേയുള്ള സഭയുടെ മറുപടിയാണത്.

ദൈവത്തിന്റെ കാരുണ്യം വ്യക്തിപരമായി അനുഭവിക്കുവാനുള്ള അവസരമായി കരുണയുടെ സവിശേഷജൂബിലിവർഷത്തെ കാണണമെന്ന് പാപ്പാ പഠിപ്പിച്ചു. അതിനായി കരുണയുടെ കവാടങ്ങൾ തുറന്നു. വിശുദ്ധ കുമ്പസാരമെന്ന കരുണയുടെ കൂദാശ കൂടെക്കൂടെ സ്വീകരിക്കണമെന്നും കരുണയുടെ മൂർത്തീകരണവും പൂർത്തീകരണവുമായ ദിവ്യകാരുണ്യത്തിൽ വിശ്വാസികൾ ആഴപ്പെടണമെന്നും പരിശുദ്ധ പിതാവ് പഠിപ്പിച്ചു. ദൈവകരുണ അനുഭവിക്കുവാൻ ഒരുവന് കൗദാശികമാർഗങ്ങൾ തുറന്നുകിടക്കുന്നു എന്നതാണ് ക്രൈസ്തവന്റെ വിളിയും ഭാഗ്യവും.

കരുണയുടെ ഭാഷ മനുഷ്യനു മാത്രമല്ല, ഏതു ജീവജാലങ്ങൾക്കും മനസ്സിലാകുന്ന ഭാഷകൾക്കതീതമായ ഭാഷയത്രെ. സ്നേഹത്തിന്റെ ഭാഷ്യമാണത്. ഈ ഭാഷയുടെ ബാലപാഠവും തുടർപാഠങ്ങളും തന്റെ മക്കളെ പഠിപ്പിക്കുവാൻ സഭാമാതാവ് ഒരു വർഷം നീക്കിവയ്ക്കുകയായിരുന്നു. സഭയ്ക്കാകമാനം അത് ഒരു പഠനശിബിരവും പരിശീലനക്കളരിയുമായിരുന്നു; പൊതുസമൂഹത്തിനാകട്ടെ, ഒരു സാധനപാഠവും അനുകരണീയമായ മാതൃകയും. സ്നേഹദാരിദ്ര്യമനുഭവിക്കുന്ന - സ്നേഹം വറ്റിവരണ്ട - ഒരു ലോകത്തിന് നല്കാൻ പറ്റുന്ന പ്രത്യൗഷധവും മൃതസഞ്ജീവനിയുമായിരുന്നു കരുണയുടെ വർഷാചരണം. കരുണ തടംകെട്ടി നില്ക്കേണ്ടതല്ല, നദിപോലെ ഒഴുകേണ്ടതാണ്. ഒരിക്കലും "വറ്റാത്ത നദി" എന്നാണ് കാരുണ്യത്തെ ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിക്കുന്നത് (*കരുണയുടെ മുഖം,* No. 24).

''കരുണയുടെ ഐക്കൺ'' എന്ന് ലോകം അംഗീകരിച്ച മദർ തെരേസയെ ജൂബിലിവർഷത്തിൽ വിശുദ്ധയായി പ്രഖ്യാപിച്ചത് നമുക്കേവർക്കും വലിയ സന്തോഷമാണ് സമ്മാനിച്ചത്. ''അവിടത്തെ കാരുണ്യം അനന്തമാണ്'' എന്നു സങ്കീർത്തകനോടൊപ്പം (സങ്കീ 136) നമുക്കും പാടാം. ജൂബിലിവർഷാചരണം സമാപിച്ചാലും ദൈവ കരുണയ്ക്കുവേണ്ടിയുള്ള നമ്മുടെ അർത്ഥനയും കാരുണ്യപ്രവൃത്തികളും അവിരാമം തുടരുകതന്നെ ചെയ്യും.

വർഷാചരണത്തിന്റെ ഔദ്യോഗികമായ സമാപനത്തിനുള്ള തയ്യാറെടുപ്പിലാണ് ഓരോ പ്രാദേശിക സഭയും രൂപതകളും. കേരള കത്തോലിക്കാസഭയിൽ 2016 നവംബർ 12-ാംതീയതി കരുണയുടെ ജൂബിലിവർഷത്തിന് ഔദ്യോഗിക സമാപനം കുറിക്കുന്നതാണ്. കരുണയുടെ ഈറ്റില്ലവും പാഠശാലയുമായ കുടുംബത്തോടു ബന്ധപ്പെട്ട കുടുംബപ്രേഷിതത്വത്തിന്റെയും പൊതുസമൂഹത്തിൽ കാരുണ്യം പ്രസക്തമായി അവതരിപ്പിക്കുന്ന കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷന്റെയും നേതൃത്വത്തിലും ഇതരകമ്മീഷനുകളുടെ സഹകരണത്തിലുമാണ് സമാപനം നടത്തപ്പെടുന്നത്.

2016 നവംബർ 12 ശനിയാഴ്ച കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററും (തെള്ളകം), തെള്ളകം പുഷ്പഗിരി ദൈവാലയവും കേന്ദ്രീകരിച്ച് സമ്മേളനം നടത്തപ്പെടുന്നു. കാരുണ്യവർഷത്തിന്റെ മാനങ്ങൾ വ്യക്തമാക്കുംവിധം ദൈവകരുണ പ്രഘോഷിച്ചും കാരുണ്യപ്രവൃത്തിയുടെ പ്രസക്തമായ സമീപനങ്ങൾ പൊതുസമൂഹത്തിൽ അവതരിപ്പിച്ചും ഭൂമിയോടും പ്രകൃതിയോടുമുള്ള നമ്മുടെ കരുതൽ പങ്കുവച്ചും ഈ ദിനം ആചരിക്കുന്നതാണ്.

കേരള കത്തോലിക്കാസഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യവും നേതൃത്വവും നമ്മോടൊപ്പമുണ്ടാകും. കേരളത്തിലെ കത്തോലിക്കാരൂപതകളുടെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഭാരവാഹികളും, വിവിധ പ്രേഷിതവേദികൾക്കും സഭാസംഘടനകൾക്കും നേതൃത്വം നല്കുന്ന വൈദിക-സന്ന്യസ്ത-അല്മായ നേതാക്കന്മാരും വിശ്വാസികളും ഇതിൽ പങ്കെടുക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.



കോട്ടയത്തും സമീപപ്രദേശത്തുമുള്ള 3 അതിരൂപതകളിലെയും 3 രൂപതകളിലെയും ദൈവജനത്തിന്റെ വർധിച്ച പങ്കാളിത്തമാണ് സമ്മേളനത്തിന്റെ ഗരിമ വർധിപ്പിക്കുന്നത്. ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ് (തിരുവല്ല), മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് (എറണാകുളം), ചങ്ങനാശ്ശേരി, കോട്ടയം, വിജയപുരം, പാല, കാഞ്ഞിരപ്പള്ളി രൂപതകളിലെ വികാർ ജനറൽമാർ എന്നിവർ ഉൾപ്പെട്ട കമ്മറ്റിയുടെ മേൽനോട്ടത്തിലാണ് സമ്മേളനം നടത്തപ്പെടുക. കോട്ടയം ക്നാനായ അതിരൂപത വികാർജനറൽ മോൺ. മൈക്കിൾ വെട്ടിക്കാട്ട് അച്ചൻ കൺവീനറായി വിപുലമായ കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു.

കേരള സംസ്ഥാനത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. ഓരോ രൂപതയിൽനിന്നും കാരുണ്യത്തിന്റെ മുഖങ്ങൾ പ്രകാശമാനമാക്കിയ ചില കുടുംബങ്ങളെയും സ്ഥാപനങ്ങളെയും വെല്ലുവിളികൾ സാധ്യതകളാക്കി മാറ്റി സമൂഹത്തിന് ഈടുറ്റസംഭാവനകൾ നല്കിയ ചില വ്യക്തികളെയും കാരുണ്യശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിച്ച വൈദികരെയും സന്ന്യസ്തരെയും, ഒപ്പം ഇതരമതവിശ്വാസികളായ ഏതാനും കാരുണ്യദീപങ്ങളെയും സമ്മേളനത്തിൽ ആദരിക്കുന്നതായിരിക്കും.

വിശദമായ അറിയിപ്പുകൾ യഥാസമയം സംഘടനകൾ നല്കുന്നതായിരിക്കും. ലളിതമായി നടത്തപ്പെടുന്നതെങ്കിലും അനിവാര്യമായ സാമ്പത്തിക ഭാരങ്ങൾ പങ്കുവയ്ക്കുവാൻ ഔദാര്യം കാണിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഏവരുടെയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ (പ്രസിഡന്റ്)
ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം (വൈസ് പ്രസിഡന്റ്)
ബിഷപ്പ് ജോസഫ് കരിയിൽ (സെക്രട്ടറി ജനറൽ)

C. 27. സർക്കുലർ

# കാരുണ്യവർഷാചരണത്തോടനുബന്ധിച്ച് കെ.സി.ബി.സി.യുടെ സാമൂഹ്യനീതിക്കും വികസനത്തിനുമായുള്ള കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കൻമാരേ, വന്ദ്യ വൈദികസഹോദരരേ, സന്ന്യസ്തരേ, പ്രിയ ദൈവമക്കളേ,

ആഗോള കത്തോലിക്കാതിരുസഭ കാരുണ്യവർഷാചരണത്തിലൂടെ കടന്നുപോകുകയാണല്ലോ. ദൈവത്തിന്റെ കരുണയുടെ മുഖം സമൂഹമധ്യേ പ്രതിഫലിപ്പിക്കേണ്ടവരാണ് നാമേവരും. ഇതിനോടകം നിങ്ങളേവരും ഏറ്റെടുത്തു നടത്തിയിട്ടുള്ള എല്ലാ ദൈവികശുശ്രൂഷകളെയും ഓർത്ത് ഞങ്ങൾ ദൈവത്തിനു നന്ദിപറയുകയും നിങ്ങളേവരെയും ദൈവനാമത്തിൽ അനുമോദിക്കുകയും ചെയ്യുന്നു. സ്വീകരിക്കുന്നതിനെക്കാൾ നല്കുന്നതിലാണ് കാരുണ്യം എന്ന തിരിച്ചറിവിലാണ് സഭയുടെ എല്ലാ പ്രവർത്തനങ്ങളും. ദൈവത്തിന്റെ ദാനമാണല്ലോ ഈ ഭൂമിയും അതിലെ സമസ്ത ചരാചരങ്ങളും. സൃഷ്ടിയുടെ മകുടമായ മനുഷ്യനാകട്ടെ, അവയുടെ സംരക്ഷകനും. ഉത്പത്തിപുസ്തകത്തിനൊരു പര്യായം പറയുകയാണെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ സുവിശേഷം എന്നതായിരിക്കുംഏറ്റവും ഉചിതം.

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ ഈ കാരുണ്യവർഷത്തിൽ നിരന്തരമായി ലോകത്തെ ഉദ്ബോധിപ്പിക്കുന്ന കാര്യമാണ് "സൃഷ്ടിയുടെ സംരക്ഷണം". സൃഷ്ടിയുടെ സംരക്ഷണം ഒരു മഹത്തായ കാരുണ്യപ്രവൃത്തിയായിട്ടാണ് പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കു



ന്നത്. നാം അതിവസിക്കുന്ന ഈ ഭൂമി നമ്മുടെ പൊതുഭവനമാണല്ലോ. പരിശുദ്ധ പിതാവിന്റെ ആഹ്വാനം അനുസരിച്ച് കേരളാ കത്തോലിക്കാസഭ അതിന്റെ സാമൂഹ്യസേവനവിഭാഗമായ കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിലൂടെ "പ്രകൃതിയോട് കാരുണ്യം" എന്ന ദർശനത്തിലൂന്നിയാണ് ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങളെല്ലാം ക്രമീകരിച്ചിരിക്കുന്നത്. പ്രത്യേകിച്ചും, ഇന്ന് ലോകം നേരിടുന്ന പ്രധാന വെല്ലുവിളികളായ വരൾച്ച, ശുദ്ധജലക്ഷാമം, ജലമലിനീകരണം എന്നിവയെ പ്രാദേശികമായി പരിഹരിക്കുന്നതിന് ഉതകുന്ന ജലസാക്ഷരത പ്രവർത്തനങ്ങളിലൂടെ സഭയൊന്നാകെ മുന്നേറി, പ്രകൃതിയോട് കാരുണ്യം കാണിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. അതിനാൽ സഭയിലെ എല്ലാ ഭക്തസംഘടനകളും ശുശ്രൂഷാവേദികളും സ്ഥാപനങ്ങളും, കുടുംബങ്ങളും ഈ ജലസാക്ഷരതായജ്ഞത്തിൽ സജീവമായി പങ്കുചേരുവാൻ നിങ്ങളേവരെയും ഞങ്ങൾ ആഹ്വാനം ചെയ്യുകയാണ്.

കുടിവെള്ളം ലഭിക്കുക എന്നത് എല്ലാ മനുഷ്യരുടെയും അടിസ്ഥാന അവകാശമാണ്. ലോകത്തിൽ ആറിൽ ഒരാൾക്കുമാത്രമേ കുടിവെള്ളസൗകര്യം ഉള്ളൂ എന്നു തിരിച്ചറിയുമ്പോഴാണ് വെള്ളത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കുക. ഭൂമി ഒരു ജലഗ്രഹമാണ്. ഭൂമിയുടെ 75% ജലമാണ്. അതിൽ ഒരു ശതമാനംമാത്രമാണ് ശുദ്ധജലം. ആകെയുള്ള ഈ ഒരു ശതമാനം ശുദ്ധജലത്തിൽ 70% മഞ്ഞുമലകളും മഞ്ഞുപാളികളുമായിട്ടാണ് സ്ഥിതിചെയ്യുന്നത്; ബാക്കി 29% ഭൂഗർഭജലവും. അവശേഷിക്കുന്ന ഒരു ശതമാനം മാത്രമാണ് നമുക്ക് കുടിവെള്ളമായി ഉപയോഗിക്കുവാൻ ലഭ്യമായിട്ടുള്ളത്. ലോകത്തിൽ ആകെയുള്ള ജലം ഒരു ലിറ്റർ കുപ്പിയിൽ ഒതുക്കിയാൽ അതിൽ ഒരു ടീസ്പൂൺ മാത്രമാണ് ശുദ്ധജലം.

ഭാരതത്തിൽ 92% ജലവും കൃഷിയാവശ്യങ്ങൾക്കും 3% വ്യാവസായികാവശ്യങ്ങൾക്കും ബാക്കി 5% വീട്ടാവശ്യങ്ങൾക്കുമായിട്ടാണ് ഉപയോഗിക്കുന്നത്. കേരളത്തിന് ആവശ്യമായ മുഴുവൻ വെള്ളവും ലഭിക്കുന്നത് മഴയിൽ നിന്നുമാത്രമാണ്. മഞ്ഞുരുകി വെള്ളം ലഭിക്കുവാൻ നമുക്ക് സാദ്ധ്യതയില്ല. മഴവെള്ളം വഹിച്ചുകൊണ്ടുപോയി നാടിന്റെ നാനാഭാഗത്തും എത്തിക്കുവാൻ ചെറു

തെങ്കിലും 44 നദികൾ നമുക്കുണ്ട്. കൂടാതെ മഴവെള്ളം സംരക്ഷിക്കുവാൻ മറ്റ് ജലാശയങ്ങളുമുണ്ട്. കായൽ, കുളം, തോട്, കിണർ മുതലായവയാണവ.

കേരളത്തിന്റെ കാലാവസ്ഥയെ ഏറ്റവും സ്വാധീനിക്കുന്നതും ജലവിഭവശേഷിയുടെ നിർണ്ണായകഘടകവുമായ രണ്ടു മഴക്കാലങ്ങളാണ് ഇടവപ്പാതിയും തുലാവർഷവും. ഈ മഴയെ കാര്യക്ഷമമായി നാം സംരക്ഷിച്ചാൽ നമ്മുടെ നാട് ഇന്ന് അനുഭവിക്കുന്ന ശുദ്ധജല ദൗർലഭ്യത്തിന് വലിയൊരളവു വരെ പരിഹാരമാകും. ഒരു വർഷം നമുക്കു ലഭിക്കുന്ന 3000 മില്ലിമീറ്റർ മഴയുടെ 92 ശതമാനവും ഒഴുകി നഷ്ടമാകുകയാണ്. ഈ യാഥാർത്ഥ്യങ്ങളെല്ലാം തിരിച്ചറിഞ്ഞ് ജല സംരക്ഷണത്തിനും ജലത്തിന്റെ നീതിപൂർവ്വകമായ ഉപയോഗത്തിനും സഭയൊന്നൊകെ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

നാം നേരിടുന്ന ജലപ്രതിസന്ധിക്ക് പ്രധാന കാരണങ്ങൾ ആളോഹരി ജല ഉപയോഗത്തിലെ വർദ്ധനവ്, വ്യാവസായിക വളർച്ച, നഗരവൽക്കരണം, ജലസേചനത്തിന്റെ വർദ്ധനവ് മുതലായവയാണ്. വനനശീകരണവും ജലസ്രോതസുകളുടെ നശീകരണവും നികത്തലും, ജലമലിനീകരണവും ജലലഭ്യതയെ സാരമായി ബാധിക്കുന്നുണ്ട്. വരുംതലമുറയ്ക്കായി കരുതിവയ്ക്കേണ്ട ഭൂഗർഭജലം അനിയന്ത്രിതമായി ഊറ്റിയെടുക്കുന്ന കുഴൽകിണർസംസ്കാരം ആത്മശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ജലദൗർലഭ്യം മുൻകൂട്ടി മനസ്സിലാക്കി നമ്മുടെ ജലവും ജലസ്രോതസ്സുകളും കൈയടക്കുന്നതിനുള്ള ശ്രമങ്ങൾ ദേശീയ, അന്തർദേശീയ ജലമാഫിയകൾ ആരംഭിച്ചുകഴിഞ്ഞു. വരുംനാളുകളിലെ നിക്ഷേപം ജലലഭ്യമായ മണ്ണായിരിക്കുമെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടായിരിക്കേണ്ടതാണ്.

നമ്മുടെ കിണറുകളാണ് ഈ നാടിന്റെ വലിയ സമ്പത്ത്. 55 ലക്ഷത്തിൽപരം കിണറുകൾ ഉള്ള സംസ്ഥാനമാണ് കേരളം. എന്നാൽ കുടിവെള്ളപൈപ്പുകളുടെ വരവോടെ സ്വന്തം കിണറുകളെ പലരും ഉപേക്ഷിച്ചുകളഞ്ഞു. ജലമലിനീകരണം വഴി നമ്മുടെ കിണറുകളും കുളങ്ങളും മലിനമാക്കപ്പെടുന്നുണ്ട്. പൈപ്പുപൊട്ടലും ജലവിതരണത്തിലെ പാകപ്പിഴകളും ഒരുവശത്ത് അരങ്ങേറുമ്പോൾ



അമിതഉപയോഗവും മഴയുടെ ലഭ്യതക്കുറവും നിമിത്തം ഇത്തരം പദ്ധതികളുടെ പ്രഭവസ്ഥാനങ്ങളിൽ വെള്ളം റ്റുന്ന സ്ഥിതിവിശേഷങ്ങളും നാം മറന്നുപോകരുത്. ലോകത്തിൽ 40% രോഗങ്ങളും പകരുന്നത് കുടിവെള്ളത്തിലൂടെയാണ്. ആയതിനാൽ ലോറിവെള്ളവിതരണത്തെ ആശ്രയിക്കുന്നവർ അതിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. പൈപ്പുവെള്ളത്തിൽ ക്ലോറിന്റെ അളവ് നിശ്ചിത അളവിൽ കൂടിയാൽ അത് മാരകമായ ക്യാൻസർ രോഗത്തിനു കാരണമായേക്കുമെന്ന് ശാസ്ത്രീയപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അതിനാൽ പൈതൃകമായി ലഭിച്ച കിണറുകളെ പരിപോഷിപ്പിച്ച് നിർത്തേണ്ടതാകുന്നു. പുരയിടങ്ങളിൽ ലഭ്യമാകുന്ന മഴവെള്ളത്തെ പടിയ്ക്കുപുറത്ത് ആക്കാതെ നമ്മുടെ തൊടികളിലും തെങ്ങിൻതടങ്ങളിലും സംരക്ഷിച്ചും ഒപ്പം മണ്ണിലെ ജൈവാംശം വർദ്ധിപ്പിച്ചും, മുറ്റത്തും കിണറുകൾക്കുചുറ്റും മഴക്കുഴികളും ചാലുകളും നിർമ്മിച്ച് കിണറുകളുടെ ഉറവകളെ പരിപുഷ്ടിപ്പെടുത്തി കിണർ റീചാർജിങ്ങ് പദ്ധതിയിൽ എല്ലാ കുടുംബങ്ങളും ഉൾച്ചേരേണ്ടതാണ്. ഈ മേഖലയിൽ നമ്മുടെ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ നാളിതുവരെ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുള്ള സ്ഥലജലസംരക്ഷണപദ്ധതികളും ഇടപെടലുകളും നമ്മുടെ മുഖ്യധാരാ പ്രവർത്തനങ്ങളായിരുന്നു. നമ്മുടെ ഭവനങ്ങളുടെയും ദേവാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും മുറ്റം ടാർ ചെയ്യുന്നതും കോൺക്രീറ്റ് ചെയ്യുന്നതും ടൈൽസു പാകുന്നതും മഴവെള്ളത്തെ ആട്ടിപ്പായിക്കുന്ന പ്രവർത്തനങ്ങളാണ്. ഇതും ഒരു ആത്മശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഭൂമി ഉണ്ടായ കാലത്ത് ഉള്ള അത്രയും ജലംമാത്രമേ ഇന്നുമുള്ളൂ. ഈ വെള്ളം എല്ലാവരുടെയും പൊതുസ്വത്താണ്. തുലോം പരിമിതമായ ഈ ജലസമ്പത്തിനെ മാലിന്യനിക്ഷേപത്തിലൂടെയും, രാസകീടവളപ്രയോഗത്തിലൂടെയും ഡിറ്റർജെന്റ് ഉൽപന്നങ്ങളുടെ അമിത ഉപയോഗം വഴിയും മലിനമാക്കിക്കൂടാ. താരതമ്യേന ഏറ്റവും ശുദ്ധമായ മഴവെള്ളത്തെ മഴക്കാലത്ത് പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ശേഷിച്ച കാലത്തേക്ക് മഴവെള്ളസംഭരണികളിൽ സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതും മാതൃകാപരമാണ്. കിണറിലെ വെള്ളം ഒരു സ്ഥിരനിക്ഷേപം പോലെ സൂക്ഷിക്കാം.

ജലസംരക്ഷണത്തിനായി ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കുകയും അത് നടപ്പിലാക്കുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്. ലഭ്യമായ ശുദ്ധജലത്തെ മിതമായി ഉപയോഗിക്കാൻ പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. വീട്ടിൽ ഒരു പ്രാവശ്യം ഉപയോഗിച്ച വെള്ളം തോട്ടം നനയ്ക്കാനോ, ചെടികൾക്കു വേണ്ടിയോ പുനരുപയോഗിക്കാവുന്നതാണ്. നമ്മുടെ കുഞ്ഞുങ്ങൾ വെള്ളത്തിന്റെ വില മനസ്സിലാക്കട്ടെ. അന്ത്യവിധിയിൽ "എനിക്കു ദാഹിച്ചു; നിങ്ങൾ എനിക്കു കുടിക്കാൻ വെള്ളം തന്നില്ല" എന്ന തെറ്റ് അറിയാതെ ചെയ്തുപോയി എന്നു പറയേണ്ട അവസ്ഥ നമുക്ക് ഉണ്ടാകാതിരിക്കട്ടെ. ആയതിനാൽ നമുക്ക് ദൈവം തരുന്ന മഴയെ കാത്തുസൂക്ഷിക്കാം, കിണറുകളെ സംരക്ഷിക്കാം, ജലസ്രോതസ്സുകളെ മലിനമാക്കാതിരിക്കാം. നമുക്കും വരുംതലമുറയ്ക്കുംവേണ്ടി ജലസുരക്ഷ ഉറപ്പാക്കുവാൻ ജലസാക്ഷരതാപ്രവർത്തനങ്ങൾ സഹായിക്കട്ടെ. ജലസംരക്ഷണയജ്ഞങ്ങൾ സംഘടിപ്പിക്കുവാൻ നമുക്ക് കരങ്ങൾ കോർക്കാം. ദൈവം നമ്മെയും നമ്മുടെ പ്രകൃതിയെയും ജലസമൃദ്ധിയാൽ അനുഗ്രഹിക്കട്ടെ.

**ആർച്ച് ബിഷപ്പ് തോമസ് മാർ കൂറീലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025



**C. 28.** **സർക്കുലർ**

# ഗ്രേറ്റ് ബ്രിട്ടൺ രൂപതാ പ്രഖ്യാപനവും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററുടെ നിയമനവും

**സീറോമലബാർസഭയുടെ മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദീകർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത് കർത്താവിന്റെ കൃപ നിങ്ങളേവരുടേയും കൂടെ ഉണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരൻമാരേ,

ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

സീറോമലബാർ സഭയിൽ 50 ലക്ഷത്തോളം വിശ്വാസികളുണ്ട്. ഇതിൽ 6 ലക്ഷത്തോളം പേർ സഭയുടെ 32 രൂപതകൾക്കും ഒരു അപ്പസ്റ്റോലിക് എക്സാർക്കേറ്റിനും പുറത്ത് പ്രവാസികളായി കഴിയുന്നവരാണ് ഇന്ത്യയിൽതന്നെ ഇപ്പോഴുള്ള 29 രൂപതക്ൾക്കു പുറത്ത് പ്രധാനപ്പെട്ട നഗരങ്ങളിലും പട്ടണങ്ങളിലുമായി 2 ലക്ഷത്തിലധികം സീറോ മലബാർ കത്തോലിക്കരുണ്ട്. നാൽപ്പതിനായിരത്തിലധികമാണ് ഗ്രേറ്റ് ബ്രിട്ടണിൽ ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന പുതിയ രൂപതയിലെ അംഗസംഖ്യ. ഇതിനുപുറമേ ഓസ്ട്രിയ, ഫ്രാൻസ്, ജർമനി, അയർലന്റ്, ഇറ്റലി, സ്വിറ്റ്സർലന്റ്, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളിലായി മുപ്പതിനായിരത്തോളം സീറോമലബാർ സഭാഗംങ്ങളുണ്ട്. ഗൾഫ് രാജ്യങ്ങളിൽ തന്നെ നാലുലക്ഷത്തോളം വരും സീറോ മലബാർ വിശ്വാസികളുടെ എണ്ണം. മറ്റ് ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിലുമായി ഇരുപത്തി അയ്യായിരത്തിലധികവും.

പ്രവാസികളുടെ അജപാലനം ശരിയായി നിർവഹിക്കുന്നതിന് സാർവ്വത്രിക സഭ ശ്രദ്ധാലുവാണ്. പൗരസ്ത്യകത്തോലിക്കാ സഭകളെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച ഡിക്രിയിൽ പറയുന്നതിപ്രകാരമാണ്: ആകയാൽ ലോകമാസകലമുള്ള ഓരോ പ്രത്യേക സഭയേയും സംരക്ഷിക്കാനും വളർത്താനും ശ്രദ്ധചെലുത്തേണ്ടതാണ്. വിശ്വാസികളുടെ ആദ്ധ്യാത്മികമായ നന്മയ്ക്കുവേണ്ടി ആവശ്യമാകുന്നിടത്തെല്ലാം ഇടവകകളും അവരുടെ സ്വന്തം ഹയരാർക്കിയും സ്ഥാപിക്കണം. ഇപ്രകാരം ഓരോ വ്യക്തിസഭയിൽ നിന്നുമുള്ള പ്രവാസികളുടെ അജപാലനം അതേ സഭയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കപ്പെടാനുള്ള ഏർപ്പാടുകൾ സഭ ചെയ്യുന്നുണ്ട്.

സീറോ മലബാർ സഭയിൽ നിന്നും ഇന്ത്യക്കുപുറത്ത് പ്രവാസികളായി കഴിയുന്ന വിശ്വാസി സമൂഹങ്ങൾക്ക് അജപാലന നേതൃത്വം കൊടുക്കുവാൻ 2016 ജൂലൈ 28 -ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ രണ്ട് പ്രത്യേക സംവിധാനങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി:

1. ഗ്രേറ്റ് ബ്രിട്ടനിലെ പ്രസ്റ്റൺ കേന്ദ്രമാക്കി സീറോ മലബാർ സഭയ്ക്കായി ഒരു രൂപത സ്ഥാപിച്ച് ഫാ. ജോസഫ് സ്രാമ്പിക്കലിനെ അതിന്റെ പ്രഥമ മെത്രാനായി നിയമിച്ചു.

2. ഗ്രേറ്റ് ബ്രിട്ടൺ ഒഴികെ അയർലന്റ് ഉൾപ്പെടെയുള്ള മറ്റ് യൂറോപ്യൻ രാജ്യങ്ങൾക്കായുള്ള അപ്പസ്തോലിക്ക് വിസിറ്റേറ്ററായി മോൺസിഞ്ഞോർ സ്റ്റീഫൻ ചിറപ്പണത്തിനെ നിയമിച്ചു.

ഫാ. ജോസഫ് സ്രാമ്പിക്കലിന്റെ മെത്രാഭിഷേകവും ചുമതല ഏറ്റെടുക്കൽ ശുശ്രൂഷയും 2016 ഒക്ടോബർ 9-ാം തീയ്യതി ഞായറാഴ്ച പ്രാദേശികസമയം 1.30-ന് പ്രസ്റ്റൺ നോർത്ത് എൻഡ് സ്റ്റേഡിയത്തിൽ വച്ചും. മോൺസിഞ്ഞോർ സ്റ്റീഫൻ ചിറപ്പണത്തിന്റെ മെത്രാഭിഷേകം നവംബർ 1 ചൊവ്വാഴ്ച പ്രാദേശികസമയം 10.00-ന് റോമിലെ സെന്റ് പോൾസ് ബസിലിക്കയിൽ വച്ചും നടത്തപ്പെടും.



രണ്ടു പേരുടേയും മെത്രാഭിഷേക ശുശ്രൂഷകൾ ദൈവാനുഗ്രഹപ്രദമായി നടക്കുവാൻ സഭാമക്കൾ എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുകയും സാധിക്കുന്നിടത്തോളം ആളുകൾ അതിൽ സംബന്ധിക്കുകയും തുടർന്ന് അവരുടെ അജപാലന ശുശ്രൂഷകൾക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങൾ നല്കുകയും ചെയ്യണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ സഭാസമൂഹത്തിന്റെ ഐക്യവും കൂട്ടായ്മയും പ്രകടമാക്കി നല്ല വിശ്വസ സാക്ഷ്യം നല്കാനുള്ള അവസരമാക്കി ഇതിനെ മാറ്റാൻ നമുക്കു പരിശ്രമിക്കാം.

യൂറോപ്പിലെ അപ്പസ്തോലിക്ക് വിസിറ്റേഷന്റെ കീഴിലുള്ള രാജ്യങ്ങളിലെ സീറോമലബാർ പ്രവാസികൾ ആ രാജ്യങ്ങളിലെ ലത്തീൻ സഭാപിതാക്കന്മാരുടെ അജപാലനാധികാത്തിൻ കീഴിൽ തുടരുന്നതാണ്. എന്നാൽ അപ്പസ്തോലിക് വിസിറ്റേറ്ററായ മോൺസിഞ്ഞോർ സ്റ്റീഫൻ ചിറപ്പണത്ത് ലത്തീൻ പിതാക്കന്മാരുടെ അറിവോടെ പ്രവാസികളായ സീറോ മലബാർ വിശ്വാസികൾക്ക് ആവശ്യമായ മെത്രാനെടുത്ത ശുശ്രൂഷകൾചെയ്യുന്നതാണ്. അപ്പസ്തോലിക്ക് വിസിറ്റേറ്ററുടെ കീഴിലുള്ള പ്രവാസി സമൂഹങ്ങളിലെ സീറോ മലബാർ കുർബാനകളിൽ മെത്രാഭിഷകത്തിനുശേഷം, രൂപതാമെത്രാന്മാരുടെതുപോലെ, അഭിവന്ദ്യ സ്റ്റീഫൻ പിതാവിന്റെ പേര് പറഞ്ഞ് പ്രാർത്ഥിക്കണമെന്ന് നിർദ്ദേശിക്കുന്നു.

സീറോ മലബാർ സഭയിലെ പ്രവാസികളുടെ കാര്യങ്ങൾക്ക് ഇതുവരേയും മാർഗ്ഗ ദർശനങ്ങൾ നല്കുകയും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നേതൃത്വം നല്കുകയും ചെയ്തിരുന്നത് സഭാ സിനഡിന്റെ സുവിശേഷവത്കരണത്തിനും അജപാലനത്തിനുമായുള്ള കമ്മീഷനായിരുന്നു. പ്രസ്തുത കമ്മീഷന്റെ യൂറോപ്പിലെ പ്രവാസികൾക്ക് വേണ്ടിയുള്ള പ്രവർത്തനം ഇനി അപ്പസ്തോലിക് വിസിറ്റേറ്ററുടെ ചുമതലയായിരിക്കും. ഗ്രേറ്റ് ബ്രിട്ടണിലെ രൂപതയ്ക്കും യൂറോപ്പിനും പുറത്തുള്ള സീറോമലബാർ പ്രവസികൾക്കു വേണ്ടി ഈ കമ്മിഷൻ തുടർന്നു പ്രവർത്തിക്കുന്നതാണ്. യൂറോപ്പിലേയും

ഗ്രേറ്റ് ബ്രിട്ടനിലേയും പ്രവാസികൾക്കു വേണ്ടി ഈ കമ്മീഷൻ ചെയ്ത എല്ലാ പ്രവർത്തനങ്ങൾക്കും അതുവഴിയുണ്ടായ എല്ലാ വിജയങ്ങൾക്കും നന്ദിപറയുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

നിയുക്തപിതാക്കന്മാരുടെ മേലദ്ധ്യക്ഷശുശ്രൂഷയെ നമുക്കു കർത്താവിന്റെ കൃപയ്ക്ക് സമർപ്പിക്കാം. ദൈവജനം മുഴുവൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും സഹായ സഹകരണങ്ങൾ നല്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സഭാഗോത്രത്തിലുണ്ടായിരിക്കേണ്ട പരസ്പരസഹകരണത്തെക്കുറിച്ച് വിവിധ സഭകൾക്ക് വി. പൗലോസ് എഴുതിയിരിക്കുന്ന വാക്കുകൾ നിങ്ങളേയും ഞാൻ അനുസ്മരിപ്പിക്കുകയാണ്. ആകയാൽ, നമുക്ക് അവസരം ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും പ്രത്യേകിച്ച്, വിശ്വാസത്താൽ ഒരേ കുടുംബത്തിൽ അംഗങ്ങളായവർക്ക്, നന്മ ചെയ്യാം (ഗലാ. 6:10). ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു (1 കോറി. 12:26).

കാരുണ്യവാനായ കർത്താവ് നിങ്ങളേവരേയും അനുഗ്രഹിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

N.B. ഈ സർക്കുലർ നവംബർ മാസത്തിലെ ഒരു ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചു വിശദീകരിക്കണം.



# രൂപതക്കച്ചേരി

## C. 71/16 സമ്പർക്ക മാധ്യമദിനം

ഈ വർഷം സഭ സമ്പർക്ക മാധ്യമദിനം ആചരിക്കുന്നത് നവംബർ 13-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ എല്ലാ ഇടവകകളിലും മാധ്യമദിനം ഉചിതമായി ആചരിക്കേണ്ടതാണ്. അന്നേ ദിവസം വി. കുർബാന മദ്ധ്യേ കെ.സി.ബി.സി. മാധ്യമ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി പിരിവെടുക്കുകയും അത് എത്രയും വേഗം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യണം.

*Bishop*

## C. 72/16 Monthly Recollection for Priests

നവംബർ മാസത്തെ പഠനവിഷയം: കാരുണ്യത്തിന്റെ മുഖം (MISERICORDIAE VULTUS - കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന) നമ്പർ 21 ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

## C. 73/16 വൈദികരുടെ പ്രതിമാസ ജീവനാംശം

2016 ഒക്ടോബർ 13-ാം തീയതി രൂപതാ കേന്ദ്രത്തിൽ സമ്മേളിച്ച ആലോചനാ സമിതി രൂപതാ വൈദികരുടെ പ്രതിമാസ ജീവനാംശം പുതുക്കി നിശ്ചയിച്ചു. അതിൻപ്രകാരം ബഹു. വികാരിമാരുടെ പ്രതിമാസ അലവൻസ് 10,000 രൂപയും, അസ്തേന്തിമാരുടേത് 9,900 രൂപയുമായിരിക്കും. മൊബൈൽ ഫോൺ ഉപയോഗത്തിനായി പരമാവധി എടുക്കാവുന്നത് 500 രൂപയായിരിക്കും. മഠങ്ങളിൽനിന്ന് ഭക്ഷണത്തിനായി പ്രതിമാസം 3,000 രൂപ നൽകേണ്ടതാണ്. സ്റ്റേഷൻ അലവൻസ് 500 രൂപയും ചെലവുവരുന്ന വണ്ടിക്കൂലിയുമായിരിക്കും. നവംബർ മാസം മുതൽ പുതിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

*Proto-syncellus*

## C. 74/16 ദൈവാലയ ശുശ്രൂഷികളുടെയും മറ്റ് ജോലിക്കാരുടേയും ശമ്പളം

ദൈവാലയ ശുശ്രൂഷികൾക്ക് നിലവിൽ നല്കികൊണ്ടിരിക്കുന്ന ഓരോ സ്ലാബും അനുസരിച്ചുള്ള അടിസ്ഥാന ശമ്പളത്തിന്റെ കൂടെ **(കാണുക: സഹ്യനാദം സെപ്തംബർ 2012, ഫെബ്രുവരി 2015)** 500 രൂപ കൂടി കൂട്ടി നല്കേണ്ടതാണ്. അതുപേലെ, പള്ളിയും പരിസരവും വൃത്തിയാക്കുന്നതിന് വിളിക്കുന്ന ജോലിക്കാർക്ക് അവർ ജോലി ചെയ്യുന്ന ദിവസത്തെ കൂലി അതാതു നാട്ടുനടപ്പനുസരിച്ച് നൽകേണ്ടതാണ്.

*Proto-syncellus*

## C. 75/16 Presbyteral Council

An ordinary meeting of the Presbyteral Council of the Eparchy of Idukki will be held on Tuesday, 13th December 2016 at the Bishop's House, Karimpan.

Time: 10.30 am - 2.00 pm.

*Secretary*

## C. 76/16 Pastoral Council

An ordinary meeting of the Pastoral Council of the Eparchy of Idukki will be held on Saturday, 17th December 2016 at Athmajyothi, Adimali. Topics to be included in the agenda may be sent to the Secretary before 1st December 2016.

Time: 10.00 am 04.00 pm

*Secretary*





# ക്രിസ്തുജ്യോതി

## CJ. 72/16 റീജിയണൽ കൺവെൻഷൻ

നമ്മുടെ രൂപതയിലെ സൺഡേ സ്കൂളുകളിലെ എല്ലാ മതാദ്ധ്യാപകരേയും പങ്കെടുപ്പിച്ചുകൊണ്ട് രൂപതയിലെ 5 കേന്ദ്രങ്ങളിൽ റീജിയണൽ കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നു. എല്ലാ മതാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കുമല്ലോ. രാവിലെ 9.15 ന് വിശുദ്ധ കുർബാനയോടെ ആരംഭിക്കുന്ന കൺവെൻഷൻ ഉച്ചകഴിഞ്ഞ് 3.30 ന് സമാപിക്കും. രജി. ഫീസ് 50 രൂപയാണ്. ഞായറാഴ്ച റീജിയണൽ കൺവെൻഷൻ നടക്കുന്ന റീജിയണുകളിൽ അന്നേദിവസം വേദപാഠക്ലാസുകൾക്ക് അവധി നല്കുകയോ അല്ലെങ്കിൽ കുട്ടികൾക്കായി മറ്റെന്തെങ്കിലും സെമിനാറുകൾ സംഘടിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

| സ്ഥലം | തീയതി | ഫൊറോനകൾ |
|---|---|---|
| അടിമാലി | ഡിസംബർ 03 | കൂമ്പൻപാറ, പാറത്തോട് |
| രാജാക്കാട് | ഡിസംബർ 04 | രാജാക്കാട് വെള്ളത്തൂവൽ |
| ഇരട്ടയാർ | ഡിസംബർ 10 | വെള്ളയാംകുടി, ഇരട്ടയാർ, തങ്കമണി |
| നെടുംങ്കണ്ടം | ഡിസംബർ 11 | നെടുംങ്കണ്ടം |
| വാഴത്തോപ്പ് | ഡിസംബർ 12 | വാഴത്തോപ്പ്, ചുരുളി. |

## CJ. 73/16 അർദ്ധവാർഷിക റിപ്പോർട്ട്

അർദ്ധവാർഷിക റിപ്പോർട്ട് രൂപതാ കേന്ദ്രത്തിൽ എത്തിക്കാത്തവർ ഉടനെ നൽകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## CJ. 74/16 "നേതൃജ്യോതി" ആനിമേറ്റേഴ്സ് മീറ്റ് (HM Conferance)

സൺഡേ സ്കൂൾ ഹെഡ്മാസ്റ്റേഴ്സ്, സ്റ്റാഫ് സെക്രട്ടറി, സൺഡേ സ്കൂൾ ആനിമേറ്റേഴ്സ് എന്നിവരാണ് HM Conferance-ൽ പങ്കെടുക്കേണ്ടത്. വാഴത്തോപ്പ് സെന്റ് ജോർജ്ജ് U.P. സ്കൂളിൽ

നവംബർ 12 9.00 am ന് വിശുദ്ധ കുർബാനയോടെ ആരംഭിക്കുന്ന കോൺഫറൻസ് 2.00 pm ന് സമാപിക്കും. രജി. ഫീസ് 50 രൂപയാണ്.

### CJ. 75/16 വി. ചാൾസ് ബൊറോമിയയുടെ തിരുനാളും മതാദ്ധ്യാപക ദിനവും

വി. ചാൾസ് ബൊറോമിയയുടെ തിരുനാൾ നവംബർ 4 ന് ആണ്. നവംബർ 6 ന് മതാദ്ധ്യാപക ദിനാഘോഷം നടത്തുമല്ലോ.

### CJ. 76/16 ലോഗോസ് ക്വിസ് സംസ്ഥാന പരീക്ഷ

ലോഗോസ് സംസ്ഥാന പരീക്ഷ നവംബർ 20 ന് ആണ് നടക്കുക.

### CJ. 77/16 സുവിശേഷോത്സവ് 2017

സുവിശേഷോത്സവ് 2017 – നുള്ള പുസ്തകത്തിന് ഓർഡർ നല്കാനുള്ള അവസാന തീയതി നവംബർ 30 ന് ആണ്.

### CJ. 78/16 സ്റ്റഡിഫോറം

മതാദ്ധ്യാപകരുടെ സ്റ്റഡിഫോറം നവംബർ 20 ന് ആണ് നടത്തേണ്ടത്.

### CJ. 79/16 ലോഗോസ് ക്വിസ് 2016 റിസൽട്ട്

**ലോഗോസ് ക്വിസ് രൂപതാതല പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവരുടെ പേര് വിവരങ്ങൾ.**

## A Group

1. Minnu Emmanual Assarikudiyil, St. George Cathedral Church, Vazhathope
   Ann Maria Thomas Mangalathil, St. George Cathedral Church, Vazhathope
2. Cinta Maria Thomas pazhaoor, St. George Cathedral Church, Vazhathope
3. Aleena Rose Justin Kannimamkunnel, Holy Family church, Nazarathvalley
   Bisna Mary Joseph Thoduvanal, St. Joseph Church, Pachady
4. Angel Jinoy Kaduppil, St. Joseph's Church, Santhigram
5. Donse Donish Idayadiyil, St.Thomas Forane Church, Erattayar
6. Aleena Sebastion Kallolikunnel, St. Mary's Church, Perinchamkutty.
7. Niya Siby Padinjaredathu, St. Thomas Forane Church Erattayar



8. Mariya Boby Karottukunnel, St. Joseph's Church, Narakakkanam
9. Jismy Sony Padiyara, St. Jude Church, Kanakakunnu
10. Antu Johny Nanayamaruthunkal, St.Joseph churuch, Narakakkanam

## B Group

1. Sayana Baby, Kochuparambil, St. Joseph's Church, Koompanmala
2. Manu Emmanual Assarikudiyil, St. George Cathedral Church, Vazhathope
3. Neha Shaji Nirappel, St. George Cathedral Church, Vazhathope
   Anne George Cheeramkunnel, Holy Family Church, Nazarathvally
   Ashly Roy Polaekal, St. Mary's Church, Maniyarankudy
4. Merin Benny payyapallil, St. George Forana Church, Vellayamkudy.
5. Bito Joseph Thoduvanal, St. Joseph Church, Pachady
6. Joel Sebastian Mundupparambil, St. George Forane Church, Vellayamkudy
7. Sona Mathew Kappalumackal, St. Jacob's Church, Bethel
8. Mariyamol Mathew Varakil, St. George Cathedral Church, Vazhathope
9. Jyothis Abraham Cheramkunnel, Holy Family Church, Nazarathvally
10. Megha Panthalanickal, St. Thomas Forane Church, Thankamany
11. Emil Abraham Cheeramkunnel, Holy Family Church, Nazarathvally
12. Anumol Johny Chittinapilly, Nithya Sahaya Matha Church, Keerithdu
13. Ashana Saji Arucheril, Infent Jesus Church, Kombayar
14. Anu Thomas Kalayparambil, St. Mary's Church, Neelivatal

## C Group

1. Anat Alphonsa Roy Alackal SABS, St. Jude Church, Kuthirakallu
2. Jency Jose F.C. Convent, St. Marys Church, Karimban
3. Emil Elsa Jose Thayyil BVM of Grace Church, Vazhavara
4. Tressa Vincent Karimthakarakal, St. George Cathedral Church, Vazhathope
   Amulya M. Joy Manavalathu, St. Jude Church, Kuthirakallu
5. Dalviya P. James Palapulickal CMC, St. Marya Goretti Church, Thopramkudy
6. Raji Bosco Embrayil, St. Mary's Church, Panniyarkutty
7. Sr. Navya SABS, St.Thomas Forane Church, Churuly
8. Sr. Navya CMC, St. Jude Church, Adimaly
9. Merlin Paul Parathazham, St. Maria Gorethi Church, Thopramkudy
10. Delviya P. James Palapulickal CMC, St. Maria Gorethi Church, Thopramkudy

11. Jiby Joseph Mamuttilarackal, St. Antony's Church, Irumpupalam
12. Bro. Nirmal, St. Thomas Forane Church, Churuly

**D Group**

1. Rosily Benny Manthadathil, St. Thomas Forane Church Thankamani
2. Baby Xavier, Kochuparambil, St. Joseph's Church Koombanmala
3. Ancy Donish, St. Thomas Forane Church Erattayar
4. Shini Baby Kochupurackal, St. Joseph Church Koompanmala
5. Sr. Deepthi SABS, St. Jude Church Kuthirakallu
6. Bincy Benny Mankuzha St. Jude Church, Adimali
7. Rosky Alanolickal St. Maria Gorethi Church, Thopramkudy
8. Celin Devasia Mudapanal St. Sebastians Forane Church, Nedumkandam
9. Bindhu Sibi Kappalumakal, Christu Raj Forane Church, Rajakkade
10. Anu Gijo Melettu, St. Thomas Forane Church, Erattayar
11. Bindu Biju Chittedathu, Vijayamatha Church, Eattithope

**E Group**

1. Thressiamma George Vadakaraolickal, St. Marys Church, Mankulam
2. Sr. Janet CMC, St. George Church, Idukki
3. Gracy Clement Nedumkallel, Vimala Matha Church, Vimalagri
4. Lisamma Thomas Kollithadathil, St. Antony's Church, Kamakshy
   Mary Mylankal, Holy Family Church, Nazarathvally
5. Mary Augustine Kochuparambil, St. Jaecob's Church, Bethal
6. Annakutty Joseph Kuzhikkattumalil St.mary's Church, Murickassery
7. Elsy Chemmarappallil St. Joseph Church, Pachady
8. Celin Kadappoor, St. Thomas Church, Ayiramekkar
9. Sr. Regi SABS Panthalani, St. Jude Church, Kuthirakallu
10. Merikutty Vechocheruvil, St. Mary's Church, Ponnamala
11. Lissy Antony Kochacheril, St. Vianney Church, Panickankudy
12. Moly Joy Kochuparabil, St. Joseph Chirch, Pachady

**F Group**

1. Mathewkutty C.D Cheradiyil, St. Sebastions Forane Church, Nedumkandam
2. Elikutty P.P. Kochupuraykkal, St. Sebastian's Church, Mukkudam



3. Achamma Joseph Mannakathu, St Mary's Church, Udayagiri
   Mathew Varghese, Melettu St. Thomas Forane Church, Erattyar
4. Joseph Edasseril, Infant Jesus Church, Thovarayar
5. Mary Joseph Punnathanathukunnal, St. Thomas Forane Church, Erattyar
6. Mary Chalil St. Jude Church, Kuthirakallu
7. Sr. Linta F.C.C., St. George Forane Church, Vellayamkudy
8. Sr. Reetha SABS, Karimtholil, St. George Forane Church, Vellathooval
9. Chacko P.T. Pazhoor, St. George Cathedral Church, Vazhathope
10. Elsy Kunnappilil, St. Sebastian's Church, Bhoomiamkulam
11. Marykutty E.M. Cheradiyil, St. Sebastian's Church, Nedumkandam.

ഓരോ ഇടവകയിലും ഉയർന്ന മാർക്ക് വാങ്ങിയവരുടെ റിസൽറ്റ് ഇന്റർനെറ്റിൽ ലഭ്യമാണ്.

**CJ. 80/16 ലോഗോസ് പ്രതിഭ**

ലോഗോസ് പ്രതിഭാസ്ഥാനം കരസ്ഥമാക്കിയത് തങ്കമണി സെന്റ് തോമസ് ഫൊറോന ചർച്ച് ഇടവാകാംഗംമായ റോസിലി ബെന്നി മാൻതടത്തിൽ ആണ് റോസിലി ബെന്നിക്ക് ക്രിസ്തുജ്യോതിയുടെ അഭിനന്ദനങ്ങൾ.

**കൂടുതൽ പങ്കാളിത്തമുള്ള ഇടവകകൾ**

**ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ**

1. സെന്റ് തോമസ് ഫൊറോന ചർച്ച്, ഇരട്ടയാർ
2. ഇൻഫെന്റ് ജീസ്സസ് ചർച്ച്, തൊവരയാർ
3. സെന്റ് ജോർജ്ജ് ചർച്ച്, വെള്ളയാംകുടി

**ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറവും കൂടുതൽ പേരേ പങ്കെടുപ്പിച്ച ഇടവകകൾ**

1. ഇൻഫന്റ ജീസസ് ചർച്ച്, തൊവരയാർ
2. സെന്റ് ജൂഡ് ചർച്ച്, കുതിരക്കല്ല്
3. സെന്റ് ആന്റണീസ് ചർച്ച്, കാമാക്ഷി

4. സെന്റ് ആന്റണീസ് ചർച്ച്, ബൈസൺവാലി

ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്കും മതാദ്ധ്യപകർക്കും അഭിനന്ദനങ്ങൾ.

**നല്ല പ്രകടനം കാഴ്ചവെച്ച ഇടവകകൾ**

1. സെന്റ് ആന്റണീസ് ചർച്ച് കാമാക്ഷി
2. ഹോളി ഫാമിലി ചർച്ച് നസ്രത്തുവാലി

ഇൻഫെന്റ് ജീസസ് ചർച്ച് തൊവരയാർ, സെന്റ് ജൂഡ് ചർച്ച് കുതിരക്കല്ല്, സെന്റ് ജോസഫ് ചർച്ച് പച്ചടി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഭൂമിയാംകുളം എന്നീ ഇടവകകളും നല്ല നിലവാരം പുലർത്തി. ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും മതാദ്ധ്യാപകർക്കും സംഘടന ഭാരവാഹികൾക്കും ക്രിസ്തുജ്യോതിയുടെ പ്രത്യേകം അഭിനന്ദനങ്ങൾ.

**ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ മതാദ്ധ്യപകർ**

**സന്യസ്തർ**

1. സി. നവ്യ എസ്.എ.ബി.എസ്. - ചുരുളി
2. സി. ഷീലു തെരേസ് സി.എം.സി. - അടിമാലി

**അല്മായർ**

1. ബേബി സേവ്യർ കൊച്ചുപറമ്പിൽ - കൂമ്പൻമല
2. ആൻസി ഡോണിഷ് ഇടയാടിയിൽ - ഇരട്ടയാർ

## CJ. 81/16 ലോഗോസ് ഫാമിലി

ലോഗോസ് ഫാമിലി മത്സരത്തിൽ രൂപതയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് കൂമ്പൻമല സെന്റ് ജോസഫ് ഇടവകാംഗമായ ബേബി സേവ്യർ കൊച്ചുപറമ്പിൽ (99 മാർക്ക്) ഷൈനി ബേബി കൊച്ചുപറമ്പിൽ (96 മാർക്ക്) സയന ബേബി കൊച്ചുപറമ്പിൽ (91 മാർക്ക്) നെഹ ബേബി കൊച്ചുപറമ്പിൽ (75 മാർക്ക്) ആവറേജ് 90.25. കൊച്ചുപറമ്പിൽ കുടുംബാഗങ്ങൾക്ക് ക്രിസ്തുജ്യോതിയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.



## CJ. 82/16 കരുണയുടെ വർഷം സൺഡേസ്കൂൾ ടൈംസ് പത്രം തയ്യാറാക്കൽ മത്സരം

(അദ്ധ്യാപകർക്ക് മാത്രം)

**ഒന്നാം സമ്മാനം 1500 രൂപ, രണ്ടാം സമ്മാനം 1000 രൂപ**

**ലക്ഷ്യം:** അദ്ധ്യാപകർ എല്ലാവരുടേയും സാധ്യതകളും സർഗ്ഗാത്മക കഴിവുകളും വളർത്തുക.

അദ്ധ്യാപകർ എല്ലാവരുടേയും പങ്കാളിത്തവും കൂട്ടുത്തരവാദിത്വവും സഹകരണവും വളർത്തുക.

**പ്രോഗ്രാം:** Sunday School Times **പത്രം (നിങ്ങളുടെ സ്വതന്ത്രമായ** പേര് നിർദ്ദേശിക്കാം. പേരിനടിയിൽ 'Sunday School Times' സ്ഥലപ്പേര് എന്ന് കൂട്ടിചേർത്തിരിക്കണം. മറുഭാഷകളിൽ ഉള്ള പേരാണങ്കിൽ അർത്ഥം നല്കണം.

**നിബന്ധനകൾ:**

* A3 - Paper Size
* പരമാവധി 4 Column വരെ
* ഡി.റ്റി.പി. ഉപയോഗപ്പെടുത്തി 4 പേജുകളിലായി പ്രസിദ്ധീകരിക്കണം. (കൂടുതൽ പേജുകൾ കൈയ്യെഴുത്ത് ഇവ പരിഗണിക്കുകയില്ല).
* സാധാരണ പത്രത്തിന്റെ കെട്ടും മട്ടും ഉണ്ടായിരിക്കണം.
* സൃഷ്ടികൾ മൗലികവും വിശ്വാസപരിശീലകരുടേതുമാത്രവുമായിരിക്കണം
* ബഹു. വികാരിയച്ചന്മാരുടെ സൃഷ്ടിപരമായ ഭാഗഭാഗിത്വവും സ്വാഗതം ചെയ്യുന്നു.

**ഉള്ളടക്കം:**

* കാരുണ്യവർഷം ആസ്പദമാക്കിയുള്ള വാർത്തകൾ, എഡിറ്റോറിയൽ, ലേഖനം, കഥ, കവിത, ചിത്രങ്ങൾ, പദപ്രശ്നങ്ങൾ, ബുക്ക് റിവ്യൂ, മറ്റ് സർഗ്ഗാത്മക സ്രഷ്ടികൾ എന്നിവ ഉൾപ്പടുത്താവുന്നതാണ്.
* സൃഷ്ടികളോടൊപ്പം രചിതാക്കളുടെ പേരും വയ്ക്കേണ്ടതാണ്.

* കാരുണ്യവർഷത്തോടനുബന്ധിച്ച് ഇടവകയിൽ നടന്ന വിവിധ പ്രോഗ്രാമുകളുടെ ഫോട്ടോകൾ, പ്രധാന സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്താം.

**വിലയിരുത്തൽ മാനദണ്ഡങ്ങൾ:**

* ഉള്ളടക്കത്തിൽ പുതുമ, അവതരണ രീതി.
* പത്രത്തിന്റെ മൊത്തത്തിലുള്ള ആകർഷണീയത.
* കാരുണ്യവർഷം എന്ന പ്രമേയത്തോടുള്ള വിശ്വസ്തത.
* സൃഷ്ടികളുടെ വൈവിധ്യവും ക്രിയാത്മകതയും.
* ഒരു സൺഡേസ്കൂളിന് ഒരു പത്രം മാത്രം.

NB: പത്രം രൂപതയിൽ എത്തിക്കേണ്ട **അവസാന തീയതി നവംബർ 30 വരെ നീട്ടിയിരിക്കുന്നു.** 30-ാം തീയതിക്കുശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.

## CJ. 83/16 മതാദ്ധ്യാപകരുടെ സ്റ്റഡി ഫോറം-മാതൃകാചോദ്യങ്ങൾ

1. പ്രവേശക കൂദാശകൾ എത്ര? ഏതെല്ലാം?
   - 3. മാമ്മോദീസാ, തൈലാഭിഷേകം, വി. കുർബാന.
2. ക്രൈസ്തവ ജീവിതത്തിലേക്ക് പ്രവേശനം നൽകുന്ന കൂദാശ?
   - മാമ്മോദീസ.
3. ക്രൈസ്തവ മാമ്മോദീസായുടെ അടിസ്ഥാനം എന്ത്?
   - ഈശോയുടെതന്നെ മാതൃകയും കല്പനയും.
4. മാമ്മോദീസ എന്ന സുറിയാനി പദം ഏത് ക്രിയാധാതുവിൽ നിന്നാണ് വരുന്നത്? - അമദ്.
5. മാമ്മോദീസ എന്ന സുറിയാനി പദത്തിന്റെ അർത്ഥം? - മുങ്ങുക.
6. ഏത് ഗ്രീക്ക് പദത്തിൽ നിന്നാണ് ബാപ്റ്റിസം എന്ന പദം ഉത്ഭവിച്ചത് ? - ബാപ്റ്റി സെയ്ൻ.
7. ഇതര കൂദാശകളിലേക്കുള്ള പ്രവേശനകവാടം? - മാമ്മോദീസ.
8. ക്രിസ്തീയ മാമ്മോദീസായുടെ പ്രതിരൂപം എന്ത്?
   - ഈശോയുടെ മാമ്മോദീസാ.
9. ക്രിസ്തീയ മാമ്മോദീസായുടെ ഉറവിടമായി ഈശോയുടെ ജോർദാനിലെ മാമ്മോദീസായെ വിശേഷിപ്പിച്ചത് ആര്?
   - പൗരസ്ത്യ സഭാപണ്ഡിതനായ അഫ്രാത്ത്.



10. മാമ്മോദീസായിലെ ജലം എന്തിന്റെ പ്രതീകമാണ്? - ജീവന്റെ.
11. സഭാമാതാവിന്റെ ഗർഭപാത്രം? - മാമ്മോദീസാത്തൊട്ടി.
12. കൈവയ്പ് എന്തിനെ സൂചിപ്പിക്കുന്നു?
    - പരിശുദ്ധാത്മാവാകുന്ന ദാനത്തെ.
13. മായാത്ത മുദ്ര പതിക്കുന്ന കൂദാശകൾ.?
    - മാമ്മോദീസായും, തൈലാഭിഷേകവും.
14. മാമ്മോദീസായുടെ കൃപാവരത്തെ പൂർണ്ണമാക്കുന്ന കൂദാശ ഏത്.?
    - തൈലാഭിഷേകം.
15. 'ക്രിസ്മ' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം? - അഭിഷേകം.
16. മൂറോൻ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം? - തൈലം.
17. സൈത്ത് എന്ന സുറിയാനി പദത്തിന്റെ അർത്ഥം? - ഒലിവെണ്ണ.
18. പുതിയ നിയമത്തിൽ ഏത് അർത്ഥത്തിലാണ് ഈശോയ്ക്ക് മിശിഹാ എന്ന പേര് ലഭിച്ചത്? - അഭിഷിക്തൻ.
19. പൗരസ്ത്യ കാനൻ നിയമമനുസരിച്ച് മാമ്മോദീസായുടെ സാധാരണ കാർമ്മികൻ? - മെത്രാനോ പുരോഹിതനോ.
20. ആത്മാവിൽ മായാത്ത മുദ്ര പതിപ്പിക്കുന്ന കൂദാശ ഏത്?
    - മാമ്മോദീസ.
21. സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങളിൽ മാമ്മോദീസായ്ക്ക് തലതൊടുന്ന വ്യക്തിക്ക് എത്ര വയസ്സ് പൂർത്തിയായിരിക്കണം? - 18.
22. ആത്മീയ ജീവിതത്തിലേക്ക് പ്രവേശിക്കുവാനുള്ള കവാടവും മറ്റു കൂദാശകളെ സമീപിക്കുവാനുള്ള വാതിലും? - മാമ്മോദീസ.
23. 'ബാപ്റ്റി സെയ്ൻ' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം എന്താണ്?
    - വെള്ളത്തിൽ മുങ്ങുക, മുങ്ങുക.
24. മാമ്മോദീസായിലൂടെ പാപമോചനം സ്വീകരിച്ച ജനത്തിന്റെ പ്രതിരൂപമായിരിക്കുന്ന പഴയനിയമ സംഭവം ഏത്?
    - ചെങ്കടൽ അനുഭവം.
25. മാമ്മോദീസ വഴിയുള്ള രക്ഷയുടെ പഴയനിയമ പ്രതിരൂപം ഏത്?
    - മഹാപ്രളയവവും നോഹയുടെ പെട്ടകവും.

## CORPORATE EDUCATIONAL AGENCY

**Edn. 33/16 അഭിനന്ദനങ്ങൾ**

സ്കുളുകളിലെ പച്ചക്കറിത്തോട്ടമത്സരത്തിൽ സംസ്ഥാന തലത്തിൽ Best Teacher Co-ordinator രണ്ടാം സ്ഥാന അവാർഡിന് അർഹനായ രാജകുമാരി ഹോളിക്യൂൻസ് യു.പി. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ലിജി വർഗ്ഗീസിന് രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങളും ആശംസകളും.

**Edn. 34/16 അദ്ധ്യാപക അനദ്ധ്യാപക നിയമനം**

PAVANATMA COLLEGE, MURICKASSERY

**WANTED ASSISTANT PROFESSORS AND MINISTERIAL STAFF**

Applications are invited to the following posts in Pavanatraa College, Murickassery, under the Corporate Educational Agency, Diocese of Idukki subject to the concurcence by Government (open/community). Applications should be reached in the Office of Pavanatma College, Murickassery within one month from the date of notification; Age and qualifications as per the rules of UGC and Government of Kerala. Details of Posts: Assistant Professor in Physics (2), History (1), Economics (1), LD Typist (1), Mechanic (1), Office Attendant (3), Technical Assistant (1- Anticipatory). Application forms can be had from the College office on all working days on payment of Rs. 600/- for Assistant Professors and Rs. 400/- for Ministerial Staff. Applications can be downloaded from the college website also.



## സോഷ്യൽ സർവ്വീസ്

**SS 84/16 ക്രെഡിറ്റ് യൂണിയൻ സംഘങ്ങളുടെ വാർഷികം**

ഇടുക്കി രൂപതയുടെ സാമൂഹ്യക്ഷേമവിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ സംഘങ്ങളുടെ വാർഷിക ഒത്തുചേരൽ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. സമ്മേളനം ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കുമാരി കൊച്ചുത്രേസ്യാ പൗലോസ് ഉദ്ഘാടനം ചെയ്തു.

രാജമുടി ക്രിസ്തുരാജ പാരീഷ് ഹാളിൽ നടത്തപ്പെട്ട സമ്മേളനത്തിൽ യൂണിറ്റ് ഭാരവാഹികളും സംഘം ഭാരവാഹികളുമടക്കം 1200 ഓളം പ്രതിനിധികൾ പങ്കെടുത്തു. സൊസൈറ്റി ഈ വർഷം ആരംഭിക്കുന്ന പുതിയ പദ്ധതികളായ ''ഈശോയുടെ വീടിന് ഒരു കൈത്താങ്ങ്'', സീഡ് ബാങ്ക്, ഹരിതാഭം തുടങ്ങിയ വിവിധപദ്ധതികൾക്ക് സമ്മേളനത്തിൽ ആരംഭം കുറിച്ചു.മരിയാപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഡോളി ജോസ്, കെ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ജേക്കബ് തലാപ്പള്ളിൽ, ഇടുക്കി ബ്ലോക്ക് മെമ്പർ ശ്രീ. കെ.പി. സുരേന്ദ്രൻ, എസ്.എച്ച്. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ടെസ്‌ലിൻ, രാജമുടി ക്രെഡിറ്റ് യൂണിയൻ രക്ഷാധികാരി ഫാ. ബെന്നോ പുതിയാപറമ്പിൽ, പഞ്ചായത്ത് മെമ്പർ ഡെയ്സി സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സൊസൈറ്റി പ്രസിഡന്റ് മോൺ. ജെയിംസ് മംഗലശ്ശേരിൽ സ്വാഗതവും, ക്രെഡിറ്റ് യൂണിയൻ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് നന്ദിയും പറഞ്ഞു..

ശ്രദ്ധേയ സംഭാവനകൾ നൽകിയ വിശിഷ്ട വ്യക്തികളെ പ്രത്യേകം ആദരിച്ചു. വിവിധ സംഘടനകളുടെയും, സംഘങ്ങളുടെയും സ്റ്റാളുകളും ഉൽപന്നങ്ങളുടെ വിൽപനയും വാർഷിക സമ്മേളനത്തിൽ ശ്രദ്ധേയമായിരുന്നു.

## SS 85/16 സാധുകുടുംബ സഹായത്തിന് പുതിയ പദ്ധതി

ജാതി മത വ്യത്യാസമില്ലാതെ സമൂഹത്തിൽ വളരെ അവശത അനുഭവിക്കുന്ന കുടുംബങ്ങളെ സാമ്പത്തിക ഭദ്രതയിലേക്ക് നയിക്കുന്നതിന് ലക്ഷ്യമിട്ട് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി പുതിയ പദ്ധതിക്ക് ആരംഭം കുറിച്ചു. സപ്പോർട്ട് ടു ജീസസ് ഫാമിലി പ്രോഗ്രാം എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതി വഴി സ്പോൺസർമാരെ കണ്ടെത്തി അവർ വഴി അവശത അനുഭവിക്കുന്ന കുടുംബത്തെ 3 വർഷത്തേക്ക് തുടർച്ചയായി സഹായിക്കുകയാണ് ലക്ഷ്യം. എല്ലാ മാസവും കൃത്യമായി സ്പോൺസർ നല്കുന്ന ചെറിയ തുക സൂക്ഷിച്ച്, വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതികൾക്ക് മാത്രം ഉപയോഗിച്ച് കുടുംബ ഭദ്രത ഉറപ്പാക്കുവാൻ ശ്രമിക്കുന്നു. സൊസൈറ്റി ഇത് കൃത്യമായി നിയന്ത്രിക്കും. സേവ് എ ഫാമിലി പ്രോഗ്രാം എന്ന പേരിൽ അറിയപ്പെട്ടിരുന്ന പദ്ധതി വഴി 791 കുടുംബങ്ങളെ ഇതുപോലെ സഹായിച്ചിട്ടുണ്ട്. വിദേശത്തുള്ള സ്പോൺസർമാരാണ് ഇതിൽ പങ്കാളികളായിരുന്നത്. ഇപ്പോൾ ആ പദ്ധതി വഴി കൂടുതൽ പേരെ സഹായിക്കുവാൻ കഴിയാതെ വരുന്നതിനാലാണ്, നാട്ടിൽ തന്നെയുള്ള ഉദാരമതികൾ വഴി പുതിയ പദ്ധതിക്ക് ആരംഭം കുറിയ്ക്കുന്നത്. ഇതിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കുമാരി കൊച്ചുത്രേസ്യാ പൗലോസ് നിർവ്വഹിച്ചു.

## SS 86/16 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും സെപ്തംബർ മാസം 5 അംഗങ്ങൾക്കായി 12500 രൂപ ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും മറ്റ് ആവശ്യത്തിനുമായി നൽകി. എച്ച്.ഐ.വി. രോഗബാധിതർക്ക് ഓണാഘോഷങ്ങളുടെ ഭാഗമായി ഓണസദ്യ നൽകി.

## SS 87/16 സാധുജന ഭവന നിർമ്മാണ പദ്ധതി

'ഈശോയ്ക്ക് ഒരു വീട്'' എന്ന പേരിൽ മിഷൻ ലീഗും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും കൂടി സംയുക്തമായി നടപ്പിലാക്കുന്നസാധുജന ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി സാമ്പത്തിക സമാഹരണത്തിനുവേണ്ടി ഒരു സംഭാവന ടിൻ തയ്യാ



റാക്കിയിട്ടുണ്ട്. ഇത് കുട്ടികൾ വഴി എല്ലാ വീടുകളിലും എത്തിക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ടിൻ തികയാതെ വന്നാൽ രൂപതാ കേന്ദ്രത്തിൽ നിന്നും നല്കുന്നതാണ്. നമുക്കൊരുമിച്ച് ഈ സംരംഭം വിജയിപ്പിക്കാം.

## SS 88/16 ഗുഡ് സമരിറ്റൻ പെയിൻ & പാലിയേറ്റീവ് കെയർ, ഇടുക്കി

ഇടുക്കി രൂപതയുടെ കീഴിൽ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ആരംഭിച്ച എല്ലാ പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്കും പരിശീലനം നല്കുകയും ആവശ്യമുള്ളവർക്ക് ടൂൾകിറ്റുകൾ വിതരണം നടത്തുകയും ചെയ്തു. ഇനിയും ടൂൾകിറ്റുകളോ, ട്രെയിനിംഗുകളോ ആവശ്യമുള്ളവർ സൊസൈറ്റിയുമായി ബന്ധപ്പെടുക.

## SS 89/16 ഹരിതഗ്രാമം പദ്ധതി വിലയിരുത്തൽ

ഹരിതഗ്രാമം പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനായി നബാർഡിന്റെ തിരുവനന്തപുരം ഓഫീസിൽ നിന്നും യു.പി.എൻ.ആർ.എം. പ്രോജക്ട് മാനേജർ ശ്രീമതി കവിതാ റാം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഉപഭോക്താക്കളെ നേരിൽ കണ്ട് പദ്ധതി നടത്തിപ്പിനെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. പദ്ധതി ഫീൽഡ് കോർഡിനേറ്റർ എബിൻ തോമസ്, ഏണസ്റ്റ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## SS 90/16 ഹരിത സമൃദ്ധി പദ്ധതി വിലയിരുത്തൽ

നബാർഡുമായി സഹകരിച്ച് മറയൂരിൽ സൊസൈറ്റി നടപ്പിലാക്കുന്ന ഹരിത സമൃദ്ധി പദ്ധതിയുടെ വിലയിരുത്തൽ നടത്തുന്നതിനായി നബാർഡിന്റെ തിരുവനന്തപുരം ഓഫീസിൽനിന്നും ഡെപ്യൂട്ടി ജനറൽ മാനേജർ കെ. ഉഷ പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## SS 91/16 ഹരിത നിറവ് പദ്ധതിക്ക് അംഗീകാരം

രാജമുടി, കിളിയാർകണ്ടം, മുരിക്കാശ്ശേരി എന്നീ യൂണിറ്റുകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി സൊസൈറ്റി പുതിയതായി ആരം

ഭിച്ച ''ഹരിത നിറവ്'' (UPNRM) പ്രോജക്റ്റിന് യു.പി.എൻ.ആർ. എം. പ്രോജക്റ്റ് മാനേജർ കവിതാ റാം, റ്റിഡി.എഫ്. ഡെപ്യൂട്ടി മാനേ ജർ കെ. ഉഷ എന്നിവർ രാജമുടി പാരീഷ് ഹാളിൽ വച്ച് നടന്ന മീറ്റിംഗിൽ ഉപഭോക്താക്കളെ നേരിൽ കണ്ട് ചർച്ചകൾ നടത്തുകയും ഔദ്യോഗികമായി അംഗീകാരം നല്കുകയും ചെയ്തു.

### SS 92/16 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് രൂപീകരണം

ബൈസൺവാലി, ആൽപ്പാറ, ചെമ്മണ്ണാർ എന്നീ ഇടവകകളിൽ ക്രെഡിറ്റ് യൂണിയന്റെ പുതിയ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു.

## ചെറുപുഷ്പ മിഷൻലീഗ്

### CML 44/16 സംസ്ഥാന ബൈബിൾ കലോത്സവം

2016-2017 പ്രവർത്തന വർഷത്തെ സി.എം.എൽ. സംസ്ഥാന ബൈബിൾ കലോത്സവം നവംബർ 12 ശനിയാഴ്ച മാനന്തവാടി രൂപതയിലെ കണിയാരം GKMHSS-ൽ വച്ച് നടത്തപ്പെടുന്നു. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്നതിനായി രൂപതാ കലോത്സവത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടിയവരും ഗ്രൂപ്പിനങ്ങളിൽ ഒന്നാം സ്ഥാനം നേടിയവരും കഥാപ്രസംഗം, നാടോടി നൃത്തം, എന്നിവയിൽ ഒന്നാം സ്ഥാനം നേടിയവരും 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് മുരിക്കാശ്ശേരി സെന്റ്മേരീസ് പാരിഷ് ഹാളിൽ എത്തിച്ചേരേണ്ടതാണ്.

### CML 45/16 രൂപതാ കലോത്സവം

രൂപതാ കലോത്സവം ഒക്ടോബർ 11-ാം തീയതി ചൊവ്വാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് എച്ച്.എസ്.എസ്. ൽ വച്ച് നടന്നു. കലോത്സവം ദേശീയ സമിതിയോഗം ശ്രീ. ജോസ് പുതിയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ഷിബു മഠത്തിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു അരയത്തി



നാൽ സ്വാഗതവും സെക്രട്ടറി ശ്രീ. സിനോജ് ചെറുതാനിക്കൽ നന്ദിയും രേഖപ്പെടുത്തി.

രൂപതാ കലോത്സവത്തിൽ ഇരട്ടയാർ മേഖല ഒന്നാം സ്ഥാനവും തങ്കമണി മേഖല രണ്ടാം സ്ഥാനവും വാഴത്തോപ്പ് മേഖല മൂന്നാം സ്ഥാനവും നേടി.

രൂപതാ സാഹിത്യ മത്സരത്തിൽ നെടുംങ്കണ്ടം മേഖല - ഒന്നാം സ്ഥനവും വെള്ളയാംകുടി മേഖല രണ്ടാം സ്ഥാനവും തങ്കമണി മേഖല-മൂന്നാം സ്ഥാനവും നേടി.

വിജയികൾക്ക് രൂപതാ മിഷൻ കുടുംബത്തിന്റെ ആശംസകൾ നേരുന്നു.

### CML 46/16 നന്ദി

രൂപതാ കലോത്സവം മനോഹരമായി നടത്തുന്നതിനു സഹകരിച്ച എല്ലാ ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാർക്കും സിസ്റ്റേഴ്സിനും ശാഖ, മേഖല, രൂപതാ ഭാരവാഹികൾക്കും, പ്രത്യേകിച്ച് മുരിക്കാശ്ശേരി ഇടവകയിൽനിന്നുമുള്ള വോളിന്റിയേഴ്സിനും നന്ദിയും കടപ്പാടും അറിയിക്കുന്നു.

### CML 47/16 പ്രതിഭാ സംഗമം

രൂപത സാഹിത്യ മത്സരത്തിൽ വിജയികളായവർക്കുവേണ്ടി നടത്തിയ പ്രതിഭാ സംഗമത്തിൽ പെരിഞ്ചാംകുട്ടി സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. മാത്യു അരിപ്ലാക്കൽ ക്ലാസ് നയിച്ചു. 32 പേർ പങ്കെടുത്തു.

### CML 48/16 സംസ്ഥാന സാഹിത്യമത്സരം

സെപ്റ്റംബർ 21-ാം തീയതി മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വച്ച് നടന്ന സംസ്ഥാന സാഹിത്യ മത്സരത്തിൽ ഇടുക്കി രൂപതയിൽ നിന്നും 40 പേർ പങ്കെടുത്തു. സംസ്ഥാന പ്രതിനിധി ശ്രീ. ജോയി പടയാട്ടിലും രൂപതാ ഭാരവാഹികളും നേതൃത്വം നല്കി.

## CML 49/16 ജീവജലം വചനമെഴുത്ത് മത്സരം

ബൈബിൾ വചനം സി.എം.എൽ. അംഗങ്ങൾ ഹൃദ്സ്ഥമാക്കുക എന്ന ലക്ഷ്യത്തോട് കൂടി നടത്തിയ ജീവജലം വചനമെഴുത്ത് മത്സരത്തിൽ ശാഖകളിൽ നിന്ന് 86 കുട്ടികൾ പങ്കെടുത്തു. പങ്കെടുത്തവർക്ക് അഭിനന്ദനം അറിയിക്കുന്നു.

## CML 50/16 ബർക്കുമാൻസ് മീറ്റ് 2016

ഇടുക്കി രൂപതയിലെ അൾത്താര ബാലന്മാർക്കായി ബർക്കുമാൻസ് മീറ്റ് 2016 എന്ന പേരിൽ പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് ഒക്ടോബർ 7 മുതൽ 10 വരെ ക്യാമ്പ് നടത്തി ശാഖകളിൽ നിന്ന് 140 കുട്ടികൾ പങ്കെടുത്തു. ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയച്ച ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാർക്കും സിസ്റ്റേഴ്സിനും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദിയറിയിക്കുന്നു.

# കെ.സി.വൈ.എം.

## KCYM 34/16 നവംബർ 12-20 തിരുശേഷിപ്പ് പ്രയാണം

ദൈവകരുണയുടെ ജൂബിലിവർഷത്തിന്റെ സമാപനത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. സമാപനപരിപാടികളുടെ ഭാഗമായി കെ.സി.വൈ.എം. ഇടുക്കിരൂപതയുടെ നേതൃത്വത്തിൽ വി. മദർ തെരേസയുടെ തിരുശേഷിപ്പ് പ്രയാണം നടത്തുന്നു. നവംബർ 12 ശനിയാഴ്ച വൈകുന്നേരം സഹായഗിരി സെന്റ് മേരീസ് ദൈവാലയത്തിൽ നിന്നും തിരുശേഷിപ്പ് പ്രയാണം ആരംഭിക്കുന്നു. തുടർന്ന് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും വണക്കത്തിനായി എത്തിച്ച് നവംബർ 20 ന് രൂപതയിലെ കാരുണ്യവർഷ സമാപന വേളയിൽ രാജാക്കാട് എത്തിചേരുന്നു. പിന്നിട് കരിമ്പൻ ദൈവാലയത്തിൽ പ്രതിഷ്ഠിക്കുന്നു.

ആധുനിക ലോകത്തിൽ ദൈവകാരുണ്യത്തിന്റെ നേർസാക്ഷ്യമായിത്തീർന്ന മദർ തെരേസ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ടത് കാരുണ്യവർഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമായിരുന്നു. കാരുണ്യത്തിന്റെ ആ ചൈതന്യത്തിലേക്ക് നമ്മെ ആഴപ്പെടുത്താൻ മദർ തെരേസയുടെ തിരുശേഷിപ്പിന്റെ സാന്നിധ്യവും വണക്കവും സഹായകമാകും. എല്ലാ ഇടവകകളിലും തിരുശേഷിപ്പ് പ്രയാണത്തിന് ഉചിതമായ സ്വീകരണം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.



വിശദവിവരങ്ങൾ നോട്ടീസ് മുഖേനയും നേരിട്ടും അറിയിക്കുന്നതാണ്.

# മദ്യവിരുദ്ധസമിതി

## MVS 18/16 ഗാന്ധിജയന്തി അനുസ്മരണവും മദ്യ വിരുദ്ധ ഉപവാസവും - എഴുകുംവയൽ

2016 ഒക്ടോബർ 2 ഞായർ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 148-ാം ജന്മദിനം മദ്യവിരുദ്ധ ദിനമായി ആചരിച്ചുകൊണ്ട് എഴുകുംവയലിൽ മദ്യവിരുദ്ധ ഉപവാസം നടത്തി. രാവിലെ 10 a.m. മുതൽ വൈകിട്ട് 5.00 p.m. വരെ നടത്തപ്പെട്ട പ്രസ്തുത യോഗം ഡോ. വിൻസെന്റ് മാളിയേക്കൽ ഇടുക്കി ജില്ലാ മദ്യനിരോധന സമിതി പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. ശ്രീ. റോജസ് എം. ജോർജ്ജ് (ജനറൽ സെക്രട്ടറി) സ്വാഗതം ആശംസിച്ചു. ഫാ. ജോസഫ് പപ്പാടി രൂപതാ ഡയറക്ടർ ആമുഖ സന്ദേശം നൽകി. ശ്രീ. സിൽബി ചുനയംമാക്കൽ (രൂപതാ പ്രസിഡന്റ്) അദ്ധ്യക്ഷത വഹിച്ചു. നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. കെ.എൻ. തങ്കപ്പൻ മുഖ്യപ്രഭാഷണം നടത്തി. ഗാന്ധിജി അനുസ്മരണ പ്രഭാഷണം നടത്തിയത് ശ്രീ. സെബാസ്റ്റ്യൻ കൊച്ചടിവാരം (തൊടുപുഴ താലൂക്ക് പ്രസിഡന്റ് മദ്യനിരോധന സമിതി) ആണ്. തുടർന്ന് ആശംസകൾ അർപ്പിച്ചുകൊണ്ട് സി. ലീജാ എസ്.ഡി., ശ്രീ. മൈക്കിൾ വാഴയിൽ, ശ്രീ. ജോസഫ് മ്രാലാ, ശ്രീ. ബാബു ചിരട്ടയോലിൽ തുടങ്ങിയ രൂപതാ കമ്മറ്റി അംഗങ്ങളും എഴുകുംവയൽ നിത്യസഹായ മാതാ ഇടവകയിലെ വിവിധ ഭക്തസംഘടനകളെ പ്രതിനിധീകരിച്ച്

ശ്രീ. എം.സി. സോഫി (ഹെസ്മാസ്റ്റർ സൺഡേ സ്കൂൾ), ശ്രീ. ജോയി പെരുമനങ്ങാട്ട് (വിൻസെന്റ് ഡിപോൾ സൊസൈറ്റി), എബിൻ അലക്സ് തെള്ളിയിൽ (കെ.സി.വൈ.എം.), ശ്രീമതി മേരിക്കുട്ടി ഇമ്മാനുവേൽ (മാതൃവേദി), കുമാരി റിയാ മാത്യൂസ് മടിക്കാങ്കൽ, കുമാരി ജൂണിയ വിനോദ് കുളമാക്കൽ തുടങ്ങിയവർ സംസാരിച്ചു. മദ്യവിരുദ്ധ സമിതി അസി. ഡയറക്ടർ ഫാ. മാത്യു അരയത്തിനാൽ സമാപന സന്ദേശവും ശ്രീ. തോമാച്ചൻ അമ്പാട്ട് കൃതജ്ഞതയും പ്രകാശിപ്പിച്ചു.

## MVS 19/16 കുട്ടികൾക്കായി സാഹിത്യ മത്സരങ്ങൾ

2016 ഒക്ടോബർ 8 ശനിയാഴ്ച നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് യൂ.പി. സ്കൂളിൽ രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്കായി പ്രസംഗ ഉപന്യാസ മത്സരങ്ങൾ നടത്തി. 18 സ്കൂളുകളിൽ നിന്നും 200-ഓളം കുട്ടികൾ വളരെ ആവേശപൂർവ്വം മത്സരങ്ങളിൽ പങ്കാളികളായി. പ്രസംഗ മത്സരങ്ങൾ നല്ല നിലവാരം പുലർത്തിയെന്ന് വിധി കർത്താക്കൾ അഭിപ്രായപ്പെട്ടു. രാവിലെ 9.30 a.m. ന് രജിസ്ട്രേഷൻ ആരംഭിച്ചു. തുടർന്ന് ഉദ്ഘാടന സമ്മേളനം 10.15 ന് ഈശ്വരപ്രാർത്ഥനയോടുകൂടി ആരംഭിച്ചു. ശ്രീ. റോജസ് എം. ജോർജ്ജ് സ്വാഗതം ആശംസിച്ചു. ശ്രീ. സിൽബി ചുനയംമാക്കൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് പപ്പാടി മത്സരങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. തുടർന്ന് ഫാ. ജോസഫ് തച്ചുകുന്നേൽ (വികാരി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് നെടുങ്കണ്ടം) സി. എൽസീന (ഹെഡ്മിസ്ട്രസ്, സെന്റ് സെബാസ്റ്റ്യൻസ് യൂ.പി, സ്കൂൾ നെടുങ്കണ്ടം) തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സമാപന സമ്മേളനത്തിൽ ഫാ. ജോസഫ് തച്ചുകുന്നേൽ ക്യാഷ് അവാർഡുകളും, സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. B Grade സർട്ടിഫിക്കറ്റ് പിന്നീട് അതാത് സ്കൂളുകളിൽ എത്തിക്കുന്നതായിരിക്കും. കേന്ദ്രീയ വിദ്യാലയം ഇടുക്കി, ഗവൺമെന്റ് H.S. കല്ലാർ, ഗവർമെന്റ് H.S. എഴുകുംവയൽ എന്നീ സ്കൂളുകൾ പങ്കെടുത്തത് പുതുമയായി.



### മത്സരവിജയികൾ

#### പ്രസംഗം സബ്ജൂണിയർ

Ist - അസിൻ മരിയ ജോജോ, ഹോളിക്രോസ് കോൺവെന്റ് സ്കൂൾ നെടുങ്കണ്ടം
IInd - ഡിന ആന്റണി, സെന്റ് മേരീസ് യൂ.പി.എസ് മാങ്കുളം
IIIrd - ആഗ്നസ് വർഗീസ്, സെന്റ് സെബാസ്റ്റ്യൻസ് യൂ.പി. നെടുങ്കണ്ടം

#### പ്രസംഗം ജൂണിയർ

Ist - അതുല്യ അഗസ്റ്റിൻ, സെന്റ് സേവ്യേഴ്സ് എച്ച്.എസ്. ചെമ്മണ്ണാർ
IInd - എബിൻ വർക്കി, സെന്റ് സെബാസ്റ്റ്യൻസ് യൂ.പി. നെടുങ്കണ്ടം
IIIrd - കീർത്തി സിബി, ഹോളിക്രോസ് കോൺവെന്റ് സ്കൂൾ നെടുങ്കണ്ടം

#### പ്രസംഗം സീനീയേഴ്സ്

Ist - കൃഷ്ണ പ്രിയ ബാബു, ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ രാജക്കാട്
IInd - സഞ്ചു എം., ഹോളിക്രോസ് കോൺവെന്റ് സ്കൂൾ നെടുങ്കണ്ടം
IIIrd - കൃപാ മരിയ ഫ്രാൻസീസ്, സെന്റ് തോമസ് എച്ച്.എസ്. തങ്കമണി

#### ഉപന്യാസം സബ്ജൂണിയർ

Ist - ആഷ്ന ഷാഹുൽ ഹമീദ്, സെന്റ് സെബാസ്റ്റ്യൻസ് യൂ.പി. നെടുങ്കണ്ടം
IInd - ആൻലിയ മാത്യു, സെന്റ് സെബാസ്റ്റ്യൻസ് യൂ.പി. നെടുങ്കണ്ടം
IIIrd - നവ്യ മോൾ പി.ബി., സെന്റ് മേരീസ് യൂ.പി. എസ് ഉദയഗിരി

#### ഉപന്യാസം ജൂണിയർ

Ist - സാനിയ ഷൈബു, സെന്റ് സെബാസ്റ്റ്യൻസ് യൂ.പി. നെടുങ്കണ്ടം
IInd - കാർത്തിക ജയചന്ദ്രൻ, സെന്റ് ജോർജ്ജ് എച്ച.എസ്. വാഴത്തോപ്പ്
IIIrd - ശിൽപ്പ കെ.എസ്., ഹോളിക്രോസ് കോൺവെന്റ് സ്കൂൾ നെടുങ്കണ്ടം

#### ഉപന്യാസം സീനിയേഴ്സ്

Ist - റിയാമോൾ സോജൻ, ഗവർമെന്റ് എച്ച്.എസ്. എഴുകുംവയൽ
IInd - ജ്യോതിസ് അബ്രാഹം, സെന്റ് തോമസ് എച്ച.എസ്. ഇരട്ടയാർ
IIIrd - സോനു സണ്ണി, ഹോളിക്രോസ് കോൺവെന്റ് സ്കൂൾ നെടുങ്കണ്ടം

**രൂപതയിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടിയ സ്കൂളുകൾ**

**1-ാം സ്ഥാനം** - സെന്റ് സെബാസ്റ്റ്യൻസ് യൂ.പി.എസ് നെടുങ്കണ്ടം (71 പോയിന്റ്)

**2-ാം സ്ഥാനം** - ഹോളിക്രോസ് കോൺവെന്റ് സ്കൂൾ നെടുങ്കണ്ടം (70 പോയിന്റ്)

പ്രസംഗം ബി ഗ്രേഡ്, ഉപന്യാസം 1, 2, 3 ക്യാഷ് അവാർഡുകൾ, എ, ബി, ഗ്രേഡ് സർട്ടിഫിക്കറ്റുകൾ അതാത് സ്കൂളുകളിൽ താമസംവിന എത്തിക്കുന്നതായിരിക്കും.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 34/16 കാരുണ്യവർഷ കൺവൻഷൻ പാറത്തോട്

രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഇടുക്കി രൂപതയിലെ ഫൊറോനകളിൽ സംഘടിപ്പിച്ചുവരുന്ന മൂന്നാമത്തെ കാരുണ്യവർഷ ഫൊറോന കൺവൻഷൻ പാറത്തോട് സെന്റ് ജോർജ്ജ് ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ച കൺവൻഷൻ ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജയിംസ് മംഗലശ്ശേരിൽ ഉദ്ഘാടനം ചെയ്തു. ദൈവകരുണ മനുഷ്യരിലൂടെ നിറവേറണമെന്ന് അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ എല്ലാവരോടും ആഹ്വാനം ചെയ്തു. 'കാരുണ്യപൂർവ്വം യേശുവിന് ഒരുപിടി മണ്ണ്'- കത്തോലിക്ക കോൺഗ്രസിന്റെ പാവപ്പെട്ടവർക്കുവേണ്ടിയുള്ള സൗജന്യ ഭവനഭൂദാന പദ്ധതി പ്രശംസനീയമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി ആമുഖപ്രഭാഷണം നടത്തി. കാരുണ്യവർഷത്തോടനുബന്ധിച്ച് നടപ്പാക്കുന്ന ഭവനഭൂദാന പദ്ധതി ജനറൽ സെക്രട്ടറി ജോസ് തോമസ് ഒഴുകയിൽ അവതരിപ്പിച്ചു. ഈ പദ്ധതി പ്രകാരം ഒരു നിർദ്ധന കുടുംബത്തിന് വീട് വച്ചു നല്കുന്നതിനുള്ള 5 സെന്റ് സ്ഥലം പാറത്തോട് ഇടവകാംഗം ബേബി അറുകാക്കൽ വാഗ്ദാനം ചെയ്തു. പാലാ മരിയസദനം ചാരിറ്റബിൾ ട്രസ്റ്റ്





ചെയർമാൻ സന്തോഷ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ചർച്ചകൾക്ക് മുൻ പ്രസിഡന്റ് ജോസഫ് കുര്യൻ ഏറമ്പടം, സംസ്ഥാന ട്രഷറർ ജോസുകുട്ടി മാടപ്പള്ളിൽ, രൂപതാ സെക്രട്ടറിമാരായ കെ. സി. ചാക്കോ വരമ്പകത്ത്, ജോസഫ് ചാണ്ടി തേവർപറമ്പിൽ തുടങ്ങിയവർ നേതൃത്വം വഹിച്ചു. സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ് സണ്ണി ജോർജ്ജ് കരിവേലിക്കലിനെ യോഗത്തിൽ ആദരിച്ചു. പാറത്തോട് ഫൊറോന ഡയറക്ടർ ഫാ. ജോസ് ചിറ്റടിയിൽ സ്വാഗതവും രൂപതാ വൈസ് പ്രസിഡന്റ് മാത്യു മലേപ്പറമ്പിൽ നന്ദിയും പറഞ്ഞു.

## AKCC 35/16 കാരുണ്യവർഷ കൺവൻഷൻ നെടുങ്കണ്ടം

ഒക്ടോബർ 29-ാം തീയതി ശനിയാഴ്ച നെടുങ്കണ്ടത്ത് കത്തോലിക്ക കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നെടുങ്കണ്ടം ഫൊറോനാതല കാരുണ്യവർഷ കൺവൻഷൻ നടത്തും. അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ശ്രീ. ടോമി ദിവ്യരക്ഷാലയം, മൈലക്കൊമ്പ് കൺവൻഷനിൽ ക്ലാസ്സ് നയിക്കും.

## AKCC 36/16 കാരുണ്യവർഷ സമാപന കൺവൻഷൻ

വാഴത്തോപ്പ്, തങ്കമണി, ഇരട്ടയാർ, വെള്ളയാംകുടി എന്നീ ഫൊറോനകളെ ഉൾപ്പെടുത്തി കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നവംബർ മാസം 5-ാം തീയതി ശനിയാഴ്ച കാരുണ്യവർഷ സമാപന സമ്മേളനം ഇരട്ടയാറ്റിൽ നടത്തും. 2000 പ്രതിനിധികൾ പങ്കെടുക്കും. സമാപന സമ്മളനം അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യും. കോട്ടയം നവജീവൻ ട്രസ്റ്റ് ചെയർമാൻ ശ്രീ. പി.യു. തോമസ് കൺവൻഷനിൽ ക്ലാസ്സ് നയിക്കും.

## AKCC 37/16 കുടിയിറക്കുനീക്കത്തെ ചെറുത്തു തോല്പിക്കും

ഹൈറേഞ്ചിൽ നടപ്പിലാക്കുന്ന ഏതുവിധത്തിലുള്ള കുടിയിറക്കുനീക്കത്തെയും ചെറുത്തു തോല്പിക്കുമെന്ന് ഇടുക്കി രൂപതാ കാര്യാലയത്തിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ് രൂപതാ കമ്മ

റ്റി മുന്നറിയിപ്പ് നല്കി. ഏതു നിയമത്തിന്റെ പേരിലായാലും കേരള സംസ്ഥാന വനം-വന്യജീവി വകുപ്പ് നടത്തുന്ന കുടിയിറക്കുനീക്കം പാവപ്പെട്ട കർഷകർക്കെതിരെയുള്ള വെല്ലുവിളിയാണെന്ന് യോഗം വിലയിരുത്തി. തെരഞ്ഞെടുപ്പു വേളയിൽ ഹൈറേഞ്ചിലെ കർഷക ജനതയ്ക്ക് വലിയ പ്രതീക്ഷ നല്കി അധികാരത്തിലേറിയ ഇടതു പക്ഷ ജനാധിപത്യ മുന്നണി സർക്കാർ കർഷകരോടുള്ള കടമ നിറവേറ്റണമെന്ന് യോഗം ആവശ്യപ്പെട്ടു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വനം-വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരെ കുടിയിറക്കാനുള്ള ശ്രമങ്ങളിൽ യോഗം അതീവ ഉത്കണ്ഠ രേഖപ്പെടുത്തി. ഹൈറേഞ്ചിലെ വില്ലേജുകളെ പരിസ്ഥിതി ദുർബലമേഖലയാക്കുന്നത് തടയുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കഴിയണമെന്ന് യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി, പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ, ജനറൽ സെക്രട്ടറി ജോസ് തോമസ് ഒഴുകയിൽ, സംസ്ഥാന ട്രഷറർ ജോസുകുട്ടി ജോർജ്ജ് മാടപ്പള്ളിൽ, വൈസ് പ്രസിഡന്റുമാരായ ഡോ. ജോയി കോയിക്കക്കുടി, മാത്യു മലേപ്പറമ്പിൽ, സെക്രട്ടറിമാരായ ജോസഫ് ചാണ്ടി തേവർപ്പറമ്പിൽ, കെ. സി. ചാക്കോ വരമ്പകത്ത്, ട്രഷറർ സണ്ണി കെ. ജോർജ്ജ് കരിവേലിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

### AKCC 38/16 ഏകദിന ഉപവാസ സമരം സംഘടിപ്പിക്കും

കാർഷിക ഭൂപ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന സമിതിയുടെ പിന്തുണയോടെ നവംബർ മാസത്തിൽ ഏകദിന ഉപവാസ സമരം സംഘടിപ്പിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### AKCC 39/16 അത്മായ നേതൃസമ്മേളനം

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ 22-10-2016 ശനിയാഴ്ച കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ അത്മായ നേതൃസമ്മേളനം ചേരുകയുണ്ടായി. ഇടുക്കി രൂപതയിൽ നിന്നും 25 പ്രതിനിധികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.



## കേരള ലേബർ മൂവ്മെന്റ്

### KLM 59/16 കുടിയിറക്ക് നീക്കത്തിനെതിരെ പ്രതിഷേധിച്ചു

കരിമ്പൻകാനം, മണിയാറൻകുടി, ചുരുളിപതാൽ, മഴുവടി, വണ്ണപ്പുറം മേഖലകളിൽ കുടിയേറ്റകർഷകരെ കുടിയിറക്കുവാൻ വനംവകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന ഗൂഢനീക്കങ്ങളെ തടയുവാൻ ബന്ധപ്പെട്ടവർ തയ്യാറാകണമെന്ന് കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കമ്മറ്റി സംസ്ഥാന ഫോറസ്റ്റ് വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

രൂപതാ പ്രസിഡന്റ് ജോർജ്ജ് അമ്പഴത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഡയറക്ടർ ഫാ. ജോസഫ് പപ്പാടി ഉദ്ഘാടനം ചെയ്തു. യോഗത്തിൽ സെക്രട്ടറി ബേബി സേവ്യർ, ജോജി ജോസഫ്, ജെയിൻ മുഞ്ഞനാട്ട്, ജോയിമോൻ, മേഴ്സി ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

### KLM 60/16 പി.എഫ്. പുതുക്കൽ

കേരള ലേബർ മൂവ്മെന്റ് കേന്ദ്രഗവൺമെന്റിന്റെ സ്വാലംബൻ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്ന സുരക്ഷാ പ്രൊവിഡന്റ് ഫണ്ട് പദ്ധതിയിൽ അംഗങ്ങളായി ചേർന്നിരിക്കുന്നവരുടെ വാർഷിക തവണ അടക്കുന്നതിന് ഡിസംബർ 1 മുതൽ 30 വരെ ബിഷപ്സ് ഹൗസിലുള്ള ഓഫീസിൽ അവസരമുണ്ടായിരിക്കുന്നതാണ്.

### KLM 61/16 നിർമ്മാണ തൊഴിലാളി ക്ഷേമനിധി

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ ക്ഷേമനിധി പുതുക്കുവാൻ ഡിസംബർ 20 മുതൽ 30 വരെ രൂപതാ ഓഫീസിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്.

## KLM 62/16 വിധവാ ഫോറം സംഗമം

കെ.എൽ.എം. സംസ്ഥാന കമ്മറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിധവാ ചാരിറ്റബിൾ സൊസൈറ്റി നവംബർ 12 ന് രാവിലെ 11 മണിക്ക് തോപ്രാംകുടി മർച്ചന്റ് അസോസിയേഷൻ ഹാളിൽ ചേരും. രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് പപ്പാടി, പ്രസിഡന്റ് ജോർജ്ജ് അമ്പഴം, വിധവാ ഫോറം സംസ്ഥാന സെക്രട്ടറി ഗ്രേസി എം.എൽ., സംസ്ഥാന ചെയർമാൻ ജോസ് മുളശ്ശേരി തുടങ്ങിയവർ പങ്കെടുക്കും.

## KLM 63/16 രൂപതാ കമ്മറ്റി

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കമ്മറ്റി നവംബർ 12 ന് ഉച്ചകഴിഞ്ഞ് 1 മണിക്ക് തോപ്രാംകുടി സെന്റ് മരിയാഗൊരേത്തി പള്ളിയുടെ പാരീഷ് ഹാളിൽ നടക്കും.

## KLM 64/16 ഫാം ഫ്രണ്ട്സ് നേതൃയോഗം

കെ.എൽ.എം. ഫാം ഫ്രണ്ട്സ് യൂണിറ്റ് പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം നവംബർ 12 ന് രാവിലെ 11.30 മണിക്ക് തോപ്രാംകുടി മർച്ചന്റ് ഹാളിൽ നടക്കും.








08 രാജമുടിയിൽ നടന്ന ക്രെഡിറ്റ് യൂണിയന്റെ വാർഷിക സംഗമം ഉദ്ഘാടനം ചെയ്തു.

09 കോഴിമല ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന വൈദിക മന്ദിരത്തിന്റെ ശിലാസ്ഥാപനം നടത്തി.

11 വാഴത്തോപ്പിൽ ഡീക്കന്മാരുടെയും, മാതാപിതാക്കളുടേയും സമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നല്കി.

12 ഭൂമിയാംകുളത്ത് ഡീക്കൻ ജോസഫ് കുന്നേൽ സി.എം.എഫ്. ന് വൈദീകപട്ടം നല്കി.

16 മൂന്നാർ, വട്ടവട ഇടവകകളിൽ ഇടയനടുത്ത സന്ദർശനം നടത്തി.

19 അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നടന്ന ബഹു. വൈദികരുടെ സ്റ്റഡി ഫോറത്തിൽ പങ്കെടുത്തു.

22 മുരിക്കാശ്ശേരിയിൽ കരിസ്മാറ്റിക് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

23 ആനച്ചാൽ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

29 നെടുംങ്കണ്ടത്ത് എ.കെ.സി.സി. യുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

* കരുണാ ഹോസ്പിറ്റലിൽ പുതുതായി നിർമ്മിച്ച ചാപ്പലിന്റെ കൂദാശാകർമ്മം നടത്തി.

30 മേരിലാന്റ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

31 കനകക്കുന്നിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പ് നടത്തി.




02 04.00 pm - സമൂഹമാമ്മോദീസ, വാഴത്തോപ്പ്

05 09.30 am - എ.കെ.സി.സി. ഇരട്ടയാർ

03.30 pm - വി. കുർബാന, കപ്പേളവെഞ്ചരിപ്പ്, ചിന്നാർ

07 10.00 am - സി.എം.ഐ. സ്കൂൾ വെഞ്ചരിപ്പ്, അടിമാലി

10 04.00 pm - കാരുണ്യഭവനങ്ങളുടെ താക്കോൽദാനം, വാഴത്തോപ്പ്

12 10.30 am - വെസ്റ്റിഷൻ, എഫ്.സി.സി. മുരിക്കാശ്ശേരി

14 03.30 pm - തിരുഹൃദയമഠം ജൂബിലി, പൊൻമുടി

17 09.30 am - ദൈവാലയ കൂദാശ, പനംകുട്ടി

19 11.00 am - വിവാഹം, വാഴത്തോപ്പ്

20 02.00 pm - കാരുണ്യവർഷ സമാപനം, രാജക്കാട്

22 10.00 am - ഫാമിലി അപ്പോസ്റ്റലേറ്റ് മീറ്റിംഗ്, കരിമ്പൻ

23 06.30 am - ജൂബിലി, എഫ്.സി.സി. മുരിക്കാശ്ശേരി

26 11.00 am - ജൂബിലി, സി.എം.സി. മച്ചിപ്ലാവ്

29 03.00 pm - P.F. General Body Meeting, കരിമ്പൻ